D 170
486




Free Distribution
DVK Central Library
Bangalore - 560

സംഗീയ ലീലിപുഷ്പം

അഥവാ


ആത്മശരീരശുദ്ധത.



D 150
486



ആത്മശരീരശുദ്ധത.



ബാലികാബാലന്മാരേ
അവരെ വളർത്തുന്ന എല്ലാവർക്കും
ഉപകാരപ്രദമായി, മലങ്കര സുറിയാനിക്രമത്തിലെ
കർമ്മെലിത്താ സന്ന്യാസവൈദികരിൽ
ഒരുവൻ രചിച്ചതു്.

Free Distribution
DVK Central Library
Bangalore - 560 029

MANNANAM,
PRINTED AT THE ST. JOSEPH'S PRESS.
1933.

Nihil obstat.

Fr. Marcellinus C. D.
Censor.

Imprimi potest.

ص. ؛. صلحصڤذهص

صذ. سڤ. صلا. ذ. لا.

Thevara,
1—5—1933.

Imprimatur.

† JAMES KALACHERRY,
Bp. of Changanacherry.

Changanacherry,
8 – 5 – 1933.

സംഗതിവിവരം.

പേജ്.

1. ശുദ്ധതയുടെ വൈശിഷ്ട്യം. 1

2. ശുദ്ധതയെ ചുറ്റിയിരിക്കുന്ന അപകടങ്ങളും കുട്ടികൾ അവയിൽ വീഴാതിരിപ്പാൻ മാതാപിതാക്കന്മാരും മറ്റും ചെയ്യേണ്ട മുൻകരുതലുകളും. 22


3. അശുദ്ധിമൂലം ഉളവാകുന്ന തിന്മകൾ. 42

4. ദൈവം അശുദ്ധന്മാരെ ശിക്ഷിച്ച വിധം. 47

5. ശുദ്ധതയ്ക്കു ഹാനി ഭവിക്കാതിരിപ്പാൻ ഉപയോഗിക്കേണ്ട പോംവഴികൾ. 50

സമർപ്പണം.

ശുദ്ധത എന്ന പുണ്യത്തിന്റെ വിളനിലവും സകല സൃഷ്ടികളേയും അതിശയിക്കുന്ന ശുദ്ധതയോടുകൂടെ പ. ത്രീത്വത്തിനു യോഗ്യാലയമാകു



വാൻ ഭാഗ്യം ലഭിച്ചവളും ഉത്ഭവം മുതൽ സകല വിശുദ്ധന്മാരേയും വിസ്മയിപ്പിക്കത്തക്ക ശോഭയുള്ളവളുമായ പ. വ്യാകുലമാതാവെ, അങ്ങേ വ്യാകുലതകൾക്കും ദിവ്യരക്ഷകന്റെ പീഡകൾക്കും കാരണമായ അശുദ്ധി ഭൂമിയിൽ ഇല്ലാതാകുവാനും അങ്ങേ മക്കളുടെ ഹൃദയങ്ങളിൽ ദൈവഭയവും ശുദ്ധതയെന്ന പുണ്യത്തിന്മേൽ അതിയായ സ്നേഹ

വും ഉണ്ടാകുവാനും, പരിപൂർണ്ണമായ ശുദ്ധതയോടുകൂ
ടിയ ആത്മാക്കൾ മലങ്കരനിവാസികളുടെ ഇടയിൽ
സമൃദ്ധിയായി മുളച്ചുവരുവാനും, അശുദ്ധ തിമ
മൂലം കഷ്ടപ്പെടുന്ന സാധുക്കൾക്ക് നിന്റെ കൃപ
യാൽ ദൈവസഹായവും ശക്തിയും ലഭിപ്പാനും,
അശുദ്ധ പിശാചിനാലും ശരീരത്താലും വശീക
രിക്കപ്പെടുത്തക്ക അപായത്തിൽ ഇരിക്കുന്നവർ നി
ന്റെ കൃപയാൽ അപകടങ്ങളിൽ നിന്നു വിമുക്ത
രാകുവാനും, സാധുക്കളായ ശിശുക്കളിൽ നിന്നും
ബാലികാബാലന്മാരിൽ നിന്നും നിന്റെ കൃപയാൽ
ഉതപ്പുകളെല്ലാം അകലുവാനും, ദൈവകാരുണ്യ
ത്താൽ ശുദ്ധതയെ സ്നേഹിച്ച് ദൈവത്തിനു സമ
പ്പിച്ച ആത്മാക്കൾ നിന്റെ കൃപയാൽ പൂർണ്ണവിര
ക്തരായി ജീവിച്ചശേഷം ശുദ്ധതയുടെ നിത്യകി
രീടം പ്രാപിപ്പാനുംവേണ്ടി അങ്ങേ വ്യാകുലങ്ങളുടെ
മൻ-ാം ശതാബ്ദ പൂർത്തീകരണാവസരത്തിൽ അ
ങ്ങേ വ്യാകുലത്തിരുനാൾ ദിവസം, സ്നേഹകുമാര
ന്റെ മൃതശരീരം മടിയിൽ വെച്ചു കരഞ്ഞുകൊ
ണ്ടിരിക്കുന്ന അങ്ങേ തൃപ്പാദങ്ങളിൽ ഈ ഭൗമീയ
ലീലിപുഷ്പം ഞാൻ ഭക്ത്യാദരപൂർവ്വം സമർപ്പിക്കയും
ഈ പുസ്തകത്തിന്മേലും എന്റെ മേലും ഇതു വായി
ക്കുന്ന എല്ലാവരുടെമേലും അങ്ങേ അനുഗ്രഹം ശാ
ശ്വതമായി ഉണ്ടാകുവാൻ കൃപചെയ്യണമെന്നു സവി
നയം പ്രാർത്ഥിക്കയും ചെയ്യുന്നു.

മുഖവുര.

സ്നേഹനിധിയായ നമ്മുടെ ദിവ്യരക്ഷകൻ മനുഷ്യരുടെ നേരേയുള്ള തന്റെ അപരിമിതമായ സ്നേഹത്താൽ അവർ നിത്യമായി ജീവിക്കുന്നതിനും സമൃദ്ധിയായ നിത്യജീവൻ അവക്കുണ്ടാകുവാനും വേണ്ടി തന്നെത്തന്നെ മറന്നു സ്വന്ത രക്തം മുഴുവനും ചിന്തി അവക്കായി തന്നെത്താൻ പൂജിച്ചു. കർത്താവിന്റെ ഈ ബലിയാൽ മനുഷ്യരെല്ലാവരും രക്ഷപെടണമെന്നും, ധീരതയോടും സ്വയപരിത്യാഗത്തോടുംകൂടെ തന്നെ അടുത്തു് അനുഗമിച്ചു് പുണ്യപൂർണ്ണരും ക്ഷമ, അനുസരണം, വിനയം, സാഹോദര്യം, ദാരിദ്ര്യം, ശുദ്ധത അഥവാ ആത്മശരീര വിശുദ്ധി, ആദിയായ പുണ്യങ്ങളാൽ അലംകൃതരുമായിത്തീരണമെന്നും താൻ അതിയായി ആഗ്രഹിച്ചിരുന്നു. ഇതിനായി തന്റെ ജ്ഞാനോദ്യാനമായ തിരുസ്സഭയെ സ്ഥാപിച്ചു് അതിനെ തന്റെ തിരുരക്തത്താൽ നനച്ചു ഫലപ്രദമാക്കിത്തീർത്തു. ശ്ലീഹന്മാർ, വേദസാക്ഷികൾ, വന്ദകന്മാർ, കന്യകകൾ ആദിയായി വിവിധ നിറത്തിലുള്ള അസംഖ്യം ആധ്യാത്മിക കുസുമങ്ങൾ ഈ ഉദ്യാനത്തിൽ ഉണ്ടായിട്ടുണ്ടു്. വിവിധ നിറത്തിലുള്ള പുഷ്പങ്ങൾ വികസിക്കുന്ന ഒരു ഉദ്യാനത്തിൽ ലീലാപുഷ്പം അസാമാന്യശോഭയോടും സൗരഭ്യത്തോടുംകൂടെ വളർന്നു ഉദ്യാനം മുഴുവനേയും പരിമളപ്പെടുത്തുകയും തോട്ടക്കാരനെ ആനന്ദിപ്പിക്കയും ചെയ്യുന്നതു

പോലെ, കളങ്കരഹിതമായ പരിപൂർണ്ണ വിരക്തി അഥവാ ശുദ്ധത എന്ന പുണ്യത്താൽ പ്രശോഭിതരായ ആത്മാക്കൾ തിരുസ്സഭാവാടിയെ അതു നോഹരമാക്കിത്തീർക്കയും സ്വർഗ്ഗീയസുഗന്ധംകൊണ്ട് നിറയ്ക്കയും അതിന്റെ നാഥനായ ഈശോയെ ആനന്ദിപ്പിക്കയും ചെയ്യുന്നു.

എന്നാൽ നരകുലത്തിന്റെ ജന്മശത്രുവായ പിശാച് അവനു നഷ്ടീഭവിച്ച സ്വർഗ്ഗീയ കിരീടങ്ങൾ മനുഷ്യാത്മാക്കൾ കൈവശപ്പെടുത്താതിരിപ്പാനും പ്രത്യേകം ശുദ്ധത എന്ന ലീലിപുഷ്പത്തെ ബാലികാബാലന്മാരുടെ ആത്മശരീരങ്ങളിൽ നിന്നു ശൈശവത്തിൽ തന്നെ നുള്ളിക്കളയാനും ഭഗീരഥപ്രയത്നം ചെയ്യുന്നുണ്ട്. മനുഷ്യഹൃദയത്തെ ദൈവത്തിൽ നിന്നകറ്റുന്നതിനും തിന്മയിലേക്ക് ആകർഷിക്കുന്നതിനും അശുദ്ധി ഏറ്റം എളുപ്പമുള്ള മാർഗ്ഗമാണെന്ന് അവൻ അറിഞ്ഞു് അതിനായി ഈ ആധുനികകാലങ്ങളിലെ ഭൗതീയപരിസ്ഥിതിയും അനിയന്ത്രിതമായ മനസ്ഥിതിയും, അപകടബുദ്ധികളിലുള്ള സ്വാതന്ത്ര്യോത്സുകതയും അതിനെ ഭരിക്കുന്നതിൽ മാതാപിതാക്കന്മാരും മറ്റും കാണിക്കുന്ന അനാസ്ഥയും അവരുടെ അജ്ഞതയും ഉപകരണങ്ങളായി പ്രയോഗിച്ചുകൊണ്ട് നിരവധി ആത്മാക്കളെ അവൻ അശുദ്ധതയെന്ന വലയിൽ ഉൾപ്പെടുത്തുകയും, ദിവ്യരക്ഷകന്റെ തിരുരക്തം അനേകർക്ക് വ്യർത്ഥമാക്കിത്തീർക്കയും, അസംഖ്യം പേർ അതിനെ യഥാവിധി ഫലിപ്പിക്കാതിരിക്കയും ചെയ്യുന്നു. ഇപ്രകാരം ക്രിസ്തീയ സഭയുടെ മകുടവും ഇതരമതസ്ഥരുടെ ആശ്ചര്യവിഷയവും പരിപൂർണ്ണ ദൈവ

ST. ANTONY'S CARMELITE MONA... RAILWAY STATION, ALWAYE, TRAVANCORE

സ്നേഹത്തിന്റെ വിട്ടുപിരിയാത്ത സഖിയും മനുഷ്യാത്മാവിനു മുറ്റും വിലയേറിയ അഭരണവും വിശ്വാസികളുടെ ആനന്ദവിഷയവുമായ ശുദ്ധത ഇക്കാലത്തു എത്രമാത്രം അവഗണിക്കപ്പെട്ടുന്നു എന്നും കളങ്കരഹിതരായ എത്രയോ ആത്മാക്കൾക്ക് ബാല്യത്തിൽതന്നെ അതു് എത്ര എളുപ്പത്തിൽ നഷ്ടപ്പെട്ടു പോകുന്നുഎന്നും കണ്ടു് പലകൊല്ലങ്ങളായി എന്റെ ഉള്ളിൽ അപാരമായ വ്യസനം സ്ഥിതിചെയ്തിരുന്നു. ഇതിനു ഒരു നിവാരണമാർഗ്ഗം കണ്ടുപിടിക്കുവാനായി ചിന്തിച്ചും പ്രാർത്ഥിച്ചും കൊണ്ടിരിക്കയിലാണു് ബാലികാബാലന്മാരുടെ സ്വഭാവരൂപവൽകരണമെന്നൊരു ജോലിയിൽ ഞാൻ നിയമിതനായതു്. ഉദ്ദേശം മൂന്നു കൊല്ലങ്ങളോളം ഈ ജോലി ഞാൻ നടത്തിവരികയിൽ ഈശോയുടെ തിരുഹൃദയത്തിലും പ. വ്യാകുലമാതാവിലും, വി. കൊച്ചുത്രേസ്യായിലും ആശ്രയിച്ചു് എന്റെ ആഗ്രഹനിവർത്തിക്കായി ഞാൻ യത്നിച്ചു. എന്റെ പ്രയത്നഫലങ്ങളിൽ ഒന്നു് "സ്വർഗ്ഗീയ ലീലിപുഷ്പം" എന്ന അഭിധാനത്തിൽ പൊതുജനസമക്ഷം ഞാൻ സമർപ്പിച്ചുകൊള്ളുന്നു. വിശുദ്ധ ഗ്രന്ഥവും തിരുസ്സഭാചരിത്രവും വിശുദ്ധന്മാരുടെ ഉപദേശങ്ങളും മറ്റും അടിസ്ഥാനപ്പെടുത്തി വായിക്കുന്നവർക്കും സുഗ്രാഹ്യമായിരിക്കണമെന്ന പ്രത്യേക കരുതലോടുകൂടെ കഴിയുന്നതും ലളിതമായി ഇതെഴുതി തീർക്കുവാണു് ഞാൻ ആരംഭം മുതൽ പരിശ്രമിച്ചതു്.

ശുദ്ധത എന്ന പുണ്യത്തിന്റെ വൈശിഷ്ട്യവും, അതിനെ അതിയായി സ്നേഹിച്ചു് കാത്തു സൂക്ഷിച്ച നിരവധി വിശുദ്ധന്മാരുടെയും സ്വന്ത ജീവനെക്കാൾ അധികം ശുദ്ധതയെ സ്നേഹിച്ച

അനേകായിരം രക്തസാക്ഷികളുടേയും മാതൃകയും, ശുദ്ധതയെ ചുറ്റി വളഞ്ഞിരിക്കുന്ന അസംഖ്യം ശത്രുക്കളുടേയും അപത്തുകളുടേയും ഇടയിൽ അടുക്കടം ക്ലേശം കൂടാതെ അതിനെ കാത്തുകൊണ്ടുപോകുവാനായി മാതാപിതാക്കന്മാർക്കും കുട്ടികളെ വളർത്തുന്ന മറ്റെല്ലാവർക്കും ഉണ്ടാകേണ്ട ശ്രദ്ധയും കുട്ടികളെ വളർത്തേണ്ട വിധവും അശുദ്ധിമൂലം ആത്മാവിലും ശരീരത്തിലും കുടുംബത്തിലും സമുദായത്തിലും ഉണ്ടാകുന്ന തിന്മകളും ഇഹത്തിലും പരത്തിലും അതിനുള്ള ശിക്ഷകളും അശുദ്ധിയിൽനിന്നു രക്ഷപ്പെടാനും ശുദ്ധത കാക്കുന്നതിനുംവേണ്ടി ഉപയോഗിക്കേണ്ട പോംവഴികളും നിർഭയം ഗ്രഹിക്കുവാൻ തക്കവണ്ണം ഇതിൽ വിവരിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. മലങ്കര നിവാസികളുടെ ഹൃദയങ്ങളിൽ ശുദ്ധത എന്ന പുണ്യത്തിന്മേൽ കൂടുതൽ സ്നേഹവും മതിപ്പും ഉണ്ടാകുന്നതിന് ജഗദീശൻ കടാക്ഷിക്കട്ടെ എന്ന അഭ്യർത്ഥനയോടുകൂടി ഈ മുഖവുരയെ ഞാൻ സമാപിച്ചുകൊള്ളുന്നു.

N. B.– ഈ ചെറുപുസ്തകം എഴുതി പൂർത്തിയാക്കുന്നതിനുവേണ്ട പ്രോത്സാഹനം നൽകി എന്നെ സഹായിച്ച ക. നി. മു. സ. ബ. വി. കുമ്പാ. യെൽ സേപ്പച്ചൻ അവർകളോട് എനിക്കുള്ള അപാരമായ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.





ഈ. മ. യ.

ആത്മശരീരശുദ്ധത

I. ശുദ്ധതയുടെ വൈശിഷ്ട്യം.

1. ശുദ്ധത എന്ന പുണ്യം ഏത്ര മഹത്തായ ഒന്നാണെന്നും സ്വർഗ്ഗത്തിൽ മാത്രമല്ല ഭൂമിയിൽ ക്കൂടെയും അതിനുള്ള സ്ഥാനം ഏത്ര ഉയർന്തെന്നും മരണശേഷം അതിനു ലഭിക്കുന്ന നിത്യസമ്മാനവും ശോഭയും ഏത്ര വിശിഷ്ടമാണെന്നും മനുഷ്യൻ ശരിയായി ഗ്രഹിച്ചിരുന്നെങ്കിൽ ഈ പുണ്യം അവൻ നഷ്ടപ്പെടുത്താതിരിക്കതന്നെയല്ല, അതിനു സ്വല്പമായ കേടുപോലും വേിക്കാതിരിപ്പാനും അതിന്റെ ശോഭ അനുദിനം വർദ്ധിപ്പിക്കാനും വേണ്ടി ആവശ്യമെങ്കിൽ സ്വന്ത അവയവങ്ങളും ജീവൻക്കൂടെയും സന്തോഷത്തോടുക്കൂടെ ഉപേക്ഷിക്കുമായിരുന്നു.

2. എന്തുകൊണ്ടെന്നാൽ യാതൊരു ഭംഗവും വരുത്താതെ സംരക്ഷിക്കപ്പെട്ടുന്ന ശുദ്ധത പരിശുദ്ധ ത്രീത്വത്തെ ആനന്ദിപ്പിക്കയും സകല മാലാഖാമാരെയും ആശ്ചര്യപ്പെടുവും സന്തോഷവും കൊണ്ടു നിറയ്ക്കയും അശുദ്ധ മാനസന്മാരെയും ലൌകിക

അശുപിയിൽ മുഴുകിക്കിടക്കുന്നവരേയും ലജ്ജിപ്പിച്ചു മിണ്ടാടുകയും പിശാചുക്കളെ അസ്വസ്ഥരാക്കുകയും ചെയ്യുന്നു.

3. ഹാനി ഭവിക്കാത്ത പൂർണ്ണ ശുദ്ധത ദൈവമാതാവിനെപ്പോലെ ദൈവപുത്രനെ തന്നിലേക്കു ആകർഷിക്കുന്നു.

4. സ്വർഗ്ഗത്തിൽ ശുദ്ധതയുടെ ഉറവയായ ഈശോയോടു ഏറ്റം അടുത്തുനിന്നു മധുരഗാനങ്ങൾ പാടി തന്നെ അനുഗമിച്ചുകൊണ്ടു ഏറ്റവും വിശിഷ്ടവും മറ്റൊരുത്തർക്കും ലഭിക്കാത്തതുമായ ഒരു ഭാഗ്യം അനുഭവിക്കാൻ പരിപൂർണ്ണ ശുദ്ധത സംരക്ഷിക്കുന്നവർക്കു സാധിക്കുന്നു.

5. വി. അപ്രേമിന്റെ വാക്കുകളിൽ പറയുന്നതായാൽ, ശുദ്ധത ശരീരമുള്ളവരും ഭൂനിവാസികളുമായ മനുഷ്യരെ അശരീരികളായ സ്വർഗ്ഗവാസികൾക്കു സമം ഉയർത്തുന്നു.

6. അതു അപകടമില്ലാത്തതും സുരക്ഷിതവുമായ സമാധാനത്തിൽ സ്ഥിതിചെയ്യുന്ന ഒരു തുറമുഖമാകുന്നു.

7. കണ്ണുകളെ അതു നിരോധിക്കുയും എന്നാൽ ശരീരം മുഴുവനേയും പ്രകാശിപ്പിക്കയും ചെയ്യുന്നു.

8. അതു് ശരീരത്തെ ശിക്ഷിച്ചു് അമർത്തിക്കൊണ്ടു് സ്വർഗ്ഗീയ കായ്ങ്ങളിലേക്കു് അതിവേഗതയോടെ പായുന്നു.

9. ശുദ്ധതയുള്ളവന്റെ ഹൃദയത്തിൽ സന്തോഷം എപ്പോഴും സ്ഥിതിചെയ്യുന്നു.

10. ശുദ്ധത സ്വർഗ്ഗത്തിലേക്കു് എളുപ്പം പറക്കാനായി ആത്മാവിനു ചിറകുകളെ നൽകുന്നു.

11. അത്ര ദുരാശകളെ അമർത്തി കലക്കങ്ങളിൽനിന്ന് ആത്മാവിനെ വിമുക്തമാക്കുന്നു.

12. നീതിമാന്മാരെ പ്രകാശംകൊണ്ടും ദുഷ്ടാത്മാക്കളെ അന്ധകാരംകൊണ്ടും അത്ര മൂടുന്നു.

13. ശുദ്ധത ക്ഷമ വർദ്ധിപ്പിക്കുകയും അലസതയെല്ലാം അകറ്റുകയും ചെയ്യുന്നു.

14. അത്ര് ആത്മാവിനെ പുണ്യപൂർണ്ണതയുടെ ഉച്ചിയിലേക്കു കൊണ്ടുപോകുന്ന ഒരു അത്യുചിതമായ വാഹനമാകുന്നു.

15. ആത്മാവിന്റെയും ശരീരത്തിന്റെയും കേന്ദ്രസ്ഥാനത്തു മുളച്ചു വളർന്ന പുഷ്പങ്ങളും സൌരഭ്യവുംകൊണ്ട് അവയെ നിറയ്ക്കുന്ന ഒരു ചന്ദനിനീർച്ചെടിയാകുന്നു ശുദ്ധത.

16. ഏതാത്മാവിൽ ശുദ്ധതയുണ്ടോ അവിടേക്കു ഗൃഹാങ്കണശാന്തനുരാൻ ആകർഷിക്കപ്പെടുകയും തന്നോടുകൂടെ എപ്പോഴും ശുദ്ധത വസിക്കയും ചെയ്യുന്നു.

17. ശുദ്ധതയിൽ നിന്നു ഹൃദയ വെടിപ്പും സംസാരമാധുര്യവും സന്തോഷമുഖവും ഉണ്ടാകുന്നു.

18. ഈ പുണ്യത്തിന്റെ വിശിഷ്ടത വേണ്ടവിധം വിവരിക്കാൻ മനുഷ്യനാവിനു ശക്തിപോരാ. ഈ ഭൂമിയിലുണ്ടായിട്ടുള്ള കോടാകോടി ആളുകളിൽവെച്ചു വളരെ ചുരുക്കംപേർ മാത്രമെ ഇതിന്റെ വിശിഷ്ടത ശരിയായി ഗ്രഹിച്ചിട്ടുള്ളു. അനേകർ താമസിച്ചുമാത്രം ഗ്രഹിച്ചതിനാൽ പിന്നീടു ദുഃഖിച്ചു. എന്നാൽ ഭൂഗോളത്തിൽ ആത്മീയ അന്ധതയിൽ ജീവിക്കുന്നവരുമായ എത്രയോപേർ ലക്ഷക്കണക്കിനു് ശുദ്ധതയുടെ മാഹാത്മ്യവും വിശിഷ്ടതയും ഗ്രഹിക്കയോ മതിക്കയോ ചെയ്യാതെ അശുദ്ധിയിൽ

മുഴുകി ജീവിക്കുന്നു. ഇവർ ദൈവത്തെ മാനുഷിക സന്തോഷം മാത്രം അഗ്രഹിച്ചു നടക്കുന്നതിനാൽ ദൈവശാപം അവരുടെ മേൽവരാൻ പോകുന്നതു അറിയുന്നില്ല. നമ്മുടെ കർത്താവ് തൻറെ അനുഗ്രഹം അവരിൽനിന്നു പിൻവലിക്കുന്ന സമയത്തു വൃക്ഷം ചാഞ്ഞിരിക്കുന്ന ഭാഗത്തേക്കു വീഴുന്നതുപോലെ അശുദ്ധപാപത്തിൽതന്നെ അവർ മരിക്കയും ചെയ്യും.

19. എന്നാൽ ശുദ്ധതയുള്ള ഹൃദയം നമ്മുടെ കർത്താവിനെ ആകർഷിക്കയും താൻ സന്തോഷത്തോടുകൂടെ വസിക്കയും ചെയ്യുന്ന ഒരു ഉദ്യാനമാകുന്നു. ഈ കർത്താവിൻറെ ഹൃദയം ശുദ്ധതയുടെ ഉറവയും ഉത്തമ മാതൃകയുമാകുന്നു. തൻറെ തിരുശരീരവും രക്തവും ശുദ്ധത കാക്കുന്നതിനു ഏറ്റം നല്ല ദിവ്യ ഔഷധങ്ങളാകുന്നു.

20. തന്നോടു അധികം അടുക്കുന്ന ആത്മാക്കൾക്ക് അധികം ശുദ്ധത താൻനൽകുകയും ശുദ്ധതയുടെമേൽ തീരാത്ത ദാഹവും സ്നേഹവും അവരുടെ ഹൃദയങ്ങളിൽ ജനിപ്പിക്കയും ചെയ്യുന്നു.

21. തൻറെ പ്രേമമാതാവിനെ കന്യാവ്രതക്കാരുടെ രാജ്ഞിയാകത്തക്കവണ്ണം പരിശുദ്ധിയിൽ ഉയർത്തി. തൻറെ സ്നേഹ വളർത്തുപിതാവിനെ പ. കന്യക മറിയത്തിൻറെ യോഗ്യഭർത്താവും തുണയും പരിശുദ്ധാത്മാക്കളുടെ കാവൽക്കാരനും ആക്കിത്തീർത്തു.

22. തൻറെ സ്നേഹശിഷ്യൻ എന്നു വിളിക്കപ്പെട്ടുന്ന വി. യോഹന്നാൻ ശ്ലീഹായും തൻറെ മുൻഗാമിയായ വി. യോഹന്നാൻ മാംദാനായും പരിപൂർണ്ണശുദ്ധതയുടെ ഉത്തമമാതൃകകളാകുന്നു.

23. വൃഹാദ്ധക്ഷദശാതന്മുരാന്റെ ദിവ്യദാനങ്ങളും വരങ്ങളും ആത്മീയപ്രകാശവും സത്യജ്ഞാനവും ലഭിച്ചപ്പോൾ ശ്ലീഹന്മാരെല്ലാവരും ശുദ്ധതയെ ഏറ്റം വലിയ നിക്ഷേപമായിക്കരുതി തങ്ങളുടെ ലൌകികസ്നേഹങ്ങളെല്ലാം തൃജിച്ചു് ദൈവത്തെ മാത്രം സ്നേഹിക്കയും ആത്മശരീര ശുദ്ധതയോടുകൂടെ മിശിഹായെ ഏറ്റം അടുത്തു് അനുകരിക്കയും ചെയ്തു.

24. ഇപ്രകാരം അനുകരിച്ചു് ശുദ്ധതയ്ക്കു് ഹാനിവരുത്തുവാൻ കൂടാതിരിപ്പാനായി കഠിനതപോജീവിതത്തിൽ ആയുഷ്കാലം ചെലവഴിച്ച വിശുദ്ധാത്മാക്കൾക്കും ശുദ്ധതയെ നഷ്ടപ്പെടുത്താതിരിപ്പാനായി ആയുസ്സിനെ പൂജിച്ച രക്തസാക്ഷികൾക്കും കയ്യും കണക്കുമില്ല.

25. ഇപ്രകാരം ഈ പുണ്യത്തിന്റെ വിശിഷ്ടത ശരിയായി ഗ്രഹിച്ചവർ അതിനെ അവരുടെ ഏറ്റം വലിയ സമ്പത്തായിക്കരുതി. ഈ ഭൂമിയിൽവച്ചു് അവർ ചെയ്വാനുള്ള പൂജ എത്ര നിസ്സാരവും ക്ഷണഭംഗുരവുമാണെന്നും എന്നാൽ മോക്ഷത്തിൽ അതിനു സമ്മാനമായി കിട്ടുവാനിരിക്കുന്ന മഹാഭാഗ്യം എത്ര ശ്രേഷ്ഠമായ ഒന്നാണെന്നും അവർ ഓർത്തു. സ്വർഗ്ഗത്തിൽ ദൈവദൂതന്മാരെ ആശ്ചര്യപ്പെടുത്തുകയും ഭൂമിയിൽ അശുദ്ധന്മാരെ ലജ്ജിപ്പിക്കയും ചെയ്യുന്ന ആത്മശരീരവിശുദ്ധിയേക്കാൾ ശ്രേഷ്ഠമായി ഒരു സന്തോഷമോ സമ്പത്തോ ബഹുമാനമോ അവർ ഈ ഭൂമുഖത്തു കണ്ടെത്തിയില്ല.

26. അതുകൊണ്ടു് അതു ശത്രുക്കളുടെകയ്യിൽപ്പെട്ടുപോകാതിരിപ്പാനായി ബലമേറിയ ആത്മീയകോട്ടയായ പ്രാർത്ഥനകൊണ്ടു് അവർ അതിനെ വളഞ്ഞു.

27. ശത്രു ഉള്ളിൽ പ്രവേശിക്കുന്ന വാതിലുകളും ജനലുകളുമായ പഞ്ചേന്ദ്രിയങ്ങളെ, പ്രത്യേകം കണ്ണുകളെ അവർ അടച്ചുപൂട്ടി.

(ഏശ. 9. 21.)

28. വിട്ടുപിരിയാത്ത ശത്രുവായ ശരീരത്തെ അമർത്താനായി ഒരു നേരം, നോമ്പ്, മിതഭോജനം, മധുവർജ്ജനം, ചമ്മട്ടിയടി, മുള്ളരഞ്ഞാണം, ദേഹാദ്ധ്വാനം, മിനുസമില്ലാത്ത വസ്ത്രം, കട്ടപ്പുതപ്പുള്ള പായ്, ഉറക്കമൊഴിവ് മുതലായവയാൽ അതിനോട് ഇടവിടാതെ യുദ്ധം ചെയ്തിരുന്നു.

29. മനുഷ്യരോടുള്ള സംസർഗ്ഗംമൂലം അപകടമുണ്ടാകാതിരിപ്പാനായി ഏകാന്തവാസം തെരഞ്ഞെടുത്തു.

30. ഇത് ഒന്നോ രണ്ടോ ദിവസമല്ല, അവരുടെ ജീവിതകാലം മുഴുവനിലും അവർ ചെയ്തിരുന്നു. എന്തുകൊണ്ടെന്നാൽ ഈ ഭൂമിയിലെ പീഡകളൊന്നും സ്വർഗ്ഗത്തിൽ കിട്ടാനിരിക്കുന്ന മഹാഭാഗ്യത്തിന്റെ മുമ്പാകെ തുലനം ചെയ്യത്തക്കവയല്ല എന്നുള്ള മഹാദ്ധ്യാത്മശാസ്ത്രജ്ഞന്റെ വാക്യം അവർ ഇടവിടാതെ സ്മരിച്ചിരുന്നു. (റോമ്മാ 8. 18)

31. അകയാൽ ശുദ്ധത എന്ന പരമ നിക്ഷേപത്തിനുവേണ്ടി ചിലർ തങ്ങളുടെ ഭവനവും ചിലർ ഭൗമിക സമ്പത്തു മുഴുവനും ചിലർ രാജ്യഭരണവും ഏറ്റം ശ്രേയസ്സരമായ ഭൗമികജീവിതവും ചിലർ സ്നേഹമാതാപിതാക്കന്മാരേയും ബന്ധുമിത്രാദികളേയും ചിലരോ എന്നാൽ സ്വന്ത ശരീരസുഖവും ഇന്ദ്രിയങ്ങളും മാത്രമല്ല ആയുസ്സുകൂടെയും പരിത്യജിച്ചുകൊണ്ടു തങ്ങളുടെ സ്നേഹവിഷയവും കന്യകകളുടെ മണവാളനുമായ ഈശോയിൽ മാത്രം

അവരുടെ സ്നേഹം നിക്ഷേപിക്കയും തന്റെ ചുവ
ട്ടടിയെ നടക്കയും ചെയ്തു. (ലൂക്കാ. 14. 26. 27)

32. ഇപ്രകാരം വി. പൊലൗജിയൂസ് തന്റെ
ഏഴാമത്തെ വയസ്സിൽ അജ്ഞാനിയായ വിധി
യാളന്റെ മുമ്പാകെ സത്യോപദേശം ഉപേക്ഷിക്കുന്നും
ശുദ്ധ ജീവിതം ത്യജിപ്പാനും ഉപദേശിക്കപ്പെട്ട
പ്പോൾ ധീരതയോടെ പോരാട്ടുകയും കഠിനപീ
ഡകളും ജീവൻക്കുടെയും നിസ്സാരമായിക്കരുതി
തന്റെ ശുദ്ധതയും സത്യോപദേശത്തെയും വേണ്ടി മരി
ച്ച് രക്തസാക്ഷിമുടി സമ്പാദിക്കയും ചെയ്തു.

33. വി. പ്രംസീസ്കോസ് ശവരിയാർപുണ്യ
വാൻ ശുദ്ധതയെ ഏറ്റം സ്നേഹിച്ചിരുന്നതിനാൽ
താൻ അറിയാതെ സപ്നത്തിൽക്കുടെ ഈ പു
ണ്യത്തിനു വിരോധമായ പരീക്ഷകളോട് യുദ്ധം
ചെയ്തിരുന്നു. ലിസ്ബൺ പട്ടണത്തിൽ ഈ വിശു
ദ്ധൻ ഒരു രാത്രി കഴിക്കയിൽ സപ്നത്തിലുണ്ടായ
ഒരു പരീക്ഷയോട് ശക്തിയായി യുദ്ധം ചെയ്തതി
നാൽ തന്റെ രക്തനാഡികളിൽ ഒന്നു പൊട്ടുക
യും കുറെ അധികം രക്തം ഛർദ്ദിക്കയും ചെയ്തു.

34. ശുദ്ധതയെ സകല സമ്പത്തിനെക്കാൾ
വിലയേറിയതായിക്കരുതിയിരുന്ന വി. ഗ്രൊഗെസി
ന്താ, വിവാഹത്തിനായുള്ള മാതാപിതാക്കന്മാരുടെ
നിർബന്ധം സഹിക്കുവാഹിയാ എന്നുകണ്ട സ്വഭ
വനത്തിൽനിന്നു തന്റെ സ്വർഗ്ഗീയ മണവാളനായ
ഈശോയുടെ പക്കൽ അഭയംപ്രാപിക്കയും ദേവാല
യത്തിൽ വി. കുർബ്ബാനയുടെ പീഠത്തിനരികെ
ഭിക്ഷിയോട്ടം തീണ്ണതയോട്ടംക്കുടി പ്രാർത്ഥിച്ചുകൊണ്ട
നില്ക്കയും ചെയ്തു. പിതാവും പരിവാരവും ഇവളെ
പിടിച്ചുകൊണ്ടു പോകാനായി ദേവാലയവാതിൽ

ക്കൽ കാത്തുനിൽക്കുമ്പോൾ ഈ വിശുദ്ധ ദൈവത്തിൽ ശരണപ്പെട്ടു് ആറു ദിവസം ഭക്ഷണമില്ലാതെയും ആശ്വാസമൊന്നും അപേക്ഷിക്കാതെയും മരണത്തേക്കുടെ ഭയപ്പെടാതെയും പ്രാർത്ഥനയിൽ നിലനിന്നു. നമ്മുടെ കർത്താവു് ഇവളുടെ വിശ്വസ്ഥത കണ്ടു പ്രസാദിച്ചു് രണ്ടു മാലാഖമാരെ ഇവളുടെ പക്കലേക്കു അയച്ചു. അവർ ഈ വിശുദ്ധയുടെ പക്കൽവന്നു പുറത്തുനിന്നവർ കാണാത്തക്കവണ്ണം അവളെ കന്യകകളുടെ തിരുവസ്ത്രങ്ങൾ ധരിപ്പിച്ചു് ദൈവശക്തിയാൽ അദൃശ്യരിക്കയും ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കയും ചെയ്തു. പുറത്തു നിന്നിരുന്നവർ ഈ അത്ഭുത കാഴ്ചകണ്ടു് മനസ്സിളകി ഈ വിശുദ്ധയുടെ അഭിലാഷംപോലെ ജീവിക്കാൻ അനുവദിച്ചു.

35. ഇംഗ്ലണ്ടിലെ രാജാവായ വി. എഡ്വാർഡ് ചെറുപ്പത്തിൽ ദൈവത്തിനു് തന്റെ കന്യാവ്രതം നേർന്നു. എന്നാൽ കുറെപ്രായമായപ്പോൾ രാജ്യനിവാസികൾ ഇദ്ദേഹത്തിന്റെ ഗുണലക്ഷണങ്ങൾകണ്ടു് ഇദ്ദേഹത്തെ രാജാവായി തെരഞ്ഞെടുത്തു. എന്നാൽ ഈ വിശുദ്ധൻ തന്റെ ഈ ഉയർച്ചകൊണ്ടു് സ്വല്പമെങ്കിലും അഹങ്കരിക്കാതെ തന്റെ നിക്ഷേപമായ ശുദ്ധതയെ അപകടം കൂടാതെ കാക്കാൻ സദാ പരിശ്രമിച്ചിരുന്നു. അതിനായി നല്ല വിനയവും സാധാരണ രീതിയിലുള്ള ജീവിതവും പൈതികരോടുള്ള ബഹുമാനവും സാധുക്കളുടെ നേരേയുള്ള അനുകമ്പയും ഭിക്ഷകൊടുക്കുന്നതിൽ ഔദാര്യവും എല്ലാവരോടും യഥാർത്ഥമായ സഹോദരസ്നേഹവും സന്തോഷവും പ്രദർശിപ്പിച്ചിരുന്നു. ഒരു രാജാവായിരുന്നെങ്കിലും ഒരു പുണ്യവാന്റെ മന

സ്ഥിതി അദ്ദേഹത്തിനുണ്ടായിരുന്നു. രാജ്യത്തിലെ പ്രധാനികൾ ഇദ്ദേഹത്തിന്റെ കനൃതാനേർച്ച യൊന്നും അറിയാതെ വിവാഹം കഴിപ്പിക്കാൻ വേ ണ്ട ആലോചനകളെല്ലാം നടത്തി. അതിനായി ഇദ്ദേഹത്തെ നിർബന്ധിച്ചു. വി. എട്വാർട്ട് സാ ഹചര്യങ്ങളെല്ലാം നോക്കിയപ്പോൾ തന്റെ രഹ സ്യം മറച്ചുവെച്ചുകൊണ്ടു വിവാഹത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ നിവൃത്തിയില്ലെന്നുകണ്ടു വളരെ ദുഃഖിച്ചു. എങ്കിലും സർവ്വശക്തിയുള്ള ദൈവത്തിനാ ണല്ലൊ താൻശുദ്ധത നേർന്നത് എന്നുംതന്നെ ഈഅ പകടസ്ഥിതിയിൽ സഹായിക്കാൻ ദൈവത്തിനു ശക്തമുണ്ടല്ലൊ എന്നും വിചാരിച്ചു നല്ലമനോവിശ്വാ സത്തോടും ശരണത്തോടുംകൂടെ താഴെവരുംപ്രകാ രം പ്രാർത്ഥിച്ചു. "നല്ല ഈശോയെ, ഇസ്രായേൽക്കാ രായ മൂന്നു ബാലന്മാരെ നീ ഒരിക്കൽ തീച്ചൂളയിൽ ഒരപകടവുംകൂടാതെ സംരക്ഷിച്ചല്ലൊ. നിന്റെ സഹായത്താലാണല്ലൊ പൂർവ്വപൈതൃസ്വത്തു ദുഷ്ടസ്ത്രീ യിൽനിന്നു രക്ഷപെട്ടത്. സൂസന്നായെ രക്ഷിച്ചു ദുഷ്ടന്മാരായന്മാരെ ലജ്ജിപ്പിച്ചതും നീ തന്നെയാണ ല്ലൊ. ഈ വിവാഹജീവിതത്തിൽ എന്റെ ശുദ്ധ തയ്ക്കു ഒരു ഭംഗംവരുത്താതെ നീതന്നെ എന്നെയും കാക്കണമെ!" ദൈവം, ഈ വിശുദ്ധന്റെ പ്രാർത്ഥന കേട്ടു. വിവാഹശേഷം ഇരുവരും സഹോദരീ സ ഹോദരന്മാരേപ്പോലെ ജീവിക്കാൻ സമ്മതിച്ചു ഒടുവിൽ കളങ്കരഹിതമായ ശുദ്ധതയുടെ സമ്മാനം സ്വർഗ്ഗത്തിൽചെന്നു ആസ്വദിക്കയുംചെയ്തു.

36. കനൃകയായ ഡൽഫീനാ ഒരു ശിശു വായിരിക്കയിൽതന്നെ ദൈവാനുഗ്രഹത്താൽ ശു ദ്ധതയുടെ ശോഭ ഗ്രഹിക്കയാൽ അത് ദൈവത്തി

ന്നു സമർപ്പിച്ചു. തന്റെ മാതാപിതാക്കന്മാരുടെ നിർബന്ധംമൂലം വളരെ സങ്കടത്തോടുകൂടെ വിവാഹം കഴിച്ചെങ്കിലും ദൈവത്തിൽ ഇവൾ ആശ്രയിച്ചിരുന്നതിനാൽ ദൈവം ഇവളോട് കൃപചെയ്ത് ഭക്തനും പരിശുദ്ധനുമായ വി. എൽസിയാരിയസിനെ ഇവൾക്ക് ഭർത്താവായി നൽകി. ഇദ്ദേഹം ഡൽഫിനായുടെ ഉപദേശപ്രകാരം ശുദ്ധതയെ വളരെ മതിച്ച് സ്നേഹിക്കയും ഇരുവരും പൂർണ്ണവിരക്തരായി വളരെനാൾ പുണ്യജീവിതം കഴിച്ച ശേഷം നിത്യ സമ്മാനത്തിനായി പോകയും ചെയ്തു.

37. ഡെയിൻകാർ ഒരിക്കൽ ഇംഗ്ലണ്ടിനെ ആക്രമിച്ചു കൊള്ളയിട്ട കൊൾഡിങ്ഹാമിലെ കന്യകാമഠത്തെ സമീപിച്ചു. ധീരവതികളായ ആ മഠത്തിലെ കന്യകകൾ തങ്ങളുടെ ശുദ്ധത അപകടത്തിലായിഎന്നുകണ്ട് ദൈവസഹായത്തിൽ ആശ്രയിച്ചുകൊണ്ട് ആത്മശരീര ശുദ്ധതക്ക് ഹാനിഭവിക്കാതിരിപ്പാൻ ശാരീരിക അഴക്ക് പോകുന്നതു നന്നെന്നു കരുതി തങ്ങളുടെ നാസിക ഛേദിച്ചുകളഞ്ഞു. ശത്രുക്കൾവന്നപ്പോൾ ഈ സംഭവംകണ്ട് ഭയന്നു അവരേ വേഗംകൊന്നുകളഞ്ഞു. ഇപ്രകാരം ശുദ്ധത നഷ്ടപ്പെടുത്താതെ അവർമരിച്ചു. ഇതു പ്രത്യേകദൈവപ്രേരണയാൽ ചെയ്തു എന്നു വിചാരിക്കാനെ തരമുള്ളു.

38. കന്യകയായ വി. പൊട്ടമിയാനാ തിളച്ച എണ്ണയിൽകിടന്നു മരണവേദന അനുഭവിച്ചു മരിക്കാൻ സമ്മതിച്ചതു് അവളുടെ വിലയേറിയ രത്നമായ ശുദ്ധത നഷ്ടപ്പെടുത്താതിരിപ്പാൻവേണ്ടി ആയിരുന്നു.

39. വി. ബ്രൂനോ പുണ്യവാന്റെ ഉപദേശത്താൽ ചെറുപ്പത്തിൽതന്നെ കന്യാവ്രതം നേർന്ന വി. പിനിഫ്റീദ് ഒരു കന്യാസ്ത്രീയായി ജീവിച്ചുവന്നു. ഇവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്ന കാരിടോക്ക് എന്ന പ്രഭുകുമാരൻ ആദ്യം ഈ വിശുദ്ധയെ നിന്ദിക്കുകയും ഒടുവിൽ കൊല്ലുകയും ചെയ്തു. ഇവൾ മരിച്ചുവീണ സ്ഥലത്ത് തത്സമയം അത്ഭുതകരമായ ഒരു ഉറവ ഉണ്ടാകുകയും ഘാതകനെ ഉടൻതന്നെ ഭൂമി പിളർന്ന് വിഴുങ്ങുകയുംചെയ്തു.

40. റോമാക്കാരിയായ വി. സിസിലിയാ ചെറുപ്പത്തിൽ തന്റെ ശുദ്ധത ദൈവത്തിനു നേർന്നു. വിവാഹത്തിനു നിർബ്ബന്ധിക്കപ്പെട്ടപ്പോൾ തന്റെ നേർച്ച കൈക്കൊണ്ട ദൈവം തന്നെ അതു രിക്കുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടുകൂടെയിരുന്നു. വിവാഹദിവസം തന്റെ നേർച്ച വീണ്ടും നവീകരിച്ചു. ദൈവം ഈ വിശുദ്ധയെ അനുഗ്രഹിച്ചു ധൈര്യപ്പെടുത്തി. അവൾ മൂലം ഭർത്താവായ വലേറിയാനോസും അയാളുടെ സഹോദരനായ തീബുർസിയോസും സത്യവിശ്വാസം സ്വീകരിച്ച് ശുദ്ധതയെ അതിയായി സ്നേഹിക്കയും രക്തസാക്ഷികളാകയും ചെയ്തു. വി. സിസിലിയായും താമസിയാതെ അവരെ അനുഗമിക്കയും കന്യകകളുടേയും രക്തസാക്ഷികളുടേയും കിരീടങ്ങൾ സ്വർഗ്ഗീയമണവാളനിൽനിന്നു സ്വീകരിക്കയും ചെയ്തു.

41. കന്യകയായ വി. അനത്തോളിയായോട് വിക്ടോറിയാ എന്ന ഒരു സ്ത്രീ വിവാഹജീവിതം സ്വീകരിക്കാൻ ഉപദേശിച്ചു. അപ്പോൾ ബുദ്ധിശൂന്യനായ അനത്തോളിയൂ സമ്മതിക്കാതെ പൂർണ്ണമായ കന്യാത്വത്തിന്റെ വിശിഷ്ടതയെപ്പറ്റി വി

ക്ലോറിയായോട് സംസാരിച്ച് അവളുടെ തെറ്റു ഗ്രഹിപ്പിച്ചു. അപ്പോൾ അവൾ ശുദ്ധതയെ സ്നേഹിച്ച് ഇരുവരും ദൈവത്തിനു കന്യാവ്രതം നേരുകയും കന്യകാജീവിതം കഴിക്കാൻ നിശ്ചയിക്കയുംചെയ്തു. തൽക്ഷണം അവർക്ക് ഒരു ദൈവദൂതൻ പ്രത്യക്ഷനായി "പൂർണ്ണവും ഒരു കേടും ഭവിക്കാത്തതുമായ കന്യകത്വം സ്വർഗ്ഗത്തോടും, വിധവകളുടെ ശുദ്ധ ജീവിതം വെള്ളിയോടും, ദോഷംക്രൂടാതെയുള്ള വിവാഹജീവിതമോ എന്നാൽ ചെമ്പിനോടെ മാത്രവും ഉപമിക്കപ്പെട്ടന്നു" എന്ന് അറിയിച്ചു.

42. മാലാഖാസ്ഥാനത്തു വി. തോമ്മാ ല്ലോൻ തന്റെ ഏറ്റം വിലയേറിയ നിക്ഷേപമായ ശുദ്ധതയ്ക്കു ഹാനി ഭവിക്കാതിരിപ്പാൻ ചെറുപ്പം മുതൽ പരിശ്രമിച്ചിരുന്നു. ഇതിനു സന്യാസഭവനം ഏറ്റം ഭദ്രമായ സ്ഥലമെന്നുറച്ച് അതിൽ പ്രവേശിക്കാൻ തീവ്രമായി ആഗ്രഹിച്ചു. മാതാപിതാക്കന്മാരും മറ്റു സംബന്ധികളും വളരെ തടസ്സം ചെയ്കയിലും വശംവദനാകാതെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു സ്ഥിരതയോടെ പരിശ്രമിച്ചിരുന്നു ശുദ്ധത എന്ന പുണ്യത്തിന്മേൽ ഈ വിശുദ്ധനുണ്ടായിരുന്ന ശക്തിയേറിയ സ്നേഹം കൊടുത്തിക്കളയാനായി അവർ ഈ ബാലന്റെ പക്കലേക്കു ദുഷ്ടരായ പല യുവാക്കന്മാരേയും യുവതികളേയും അയച്ചെങ്കിലും ദൈവം ഈ വിശുദ്ധനു ധൈര്യവും സഹായവും നൽകി അപകടത്തിൽ നിന്നു സംരക്ഷിച്ചു. ഒടുവിൽ അവർ ഒരു ദുഷ്ട സ്ത്രീയെ ദുരുദ്ദേശത്തോടുകൂടെ ഈ വിശുദ്ധന്റെ പക്കലേയ്ക്കു അയച്ചു. വി. തോമ്മാ അവളുടെ വരവും കാരണവും ഗ്രഹിച്ചപ്പോൾ അടുപ്പിൽ നിന്നു ഒരു തീക്കൊള്ളി എടുത്തുകൊണ്ടു

അവളുടെ നേരേ ചെന്നു ഭയപ്പെടുത്തി ഓടിച്ചു. അനന്തരം മുട്ടിന്മേൽ നിന്നു ദൈവസഹായത്തിനായി തീഷ്ണതയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പാരവശ്യം ഉണ്ടാകയും തൽസമയം രണ്ടു മാലാഖമാർ വന്നു ഇദ്ദേഹത്തിന്റെ അരയിൽ ഒരു വാൾ കെട്ടുകയും ഉണ്ടായി. അതിൽ പിന്നെ മരണംവരെ ശുദ്ധതയ്ക്ക് വിരോധമായ ഒരു പരീക്ഷയും ഈ വിശുദ്ധനു ഉണ്ടായിട്ടില്ല. ദൈവം ഈ വിശുദ്ധന്റെ കളങ്കരഹിതമായ സന്ന്യാസജീവിതവും നിർമ്മലമായ ഹൃദയ വിശുദ്ധിയും കണ്ടു പ്രസാദിച്ചു അസാമാന്യമായ ദൈവീക വരങ്ങൾ നൽകുകയും ഇഹത്തിൽവെച്ചു തന്നെ മറ്റെല്ലാ വേദപാരംഗതന്മാരെയും അതിശയിക്കുന്ന ശാസ്ത്രജ്ഞാനവും ബുദ്ധിശക്തിയും കൊണ്ടും സ്വർഗ്ഗത്തിൽ ശുദ്ധതയുടെ നിത്യകിരീടംകൊണ്ടും അലങ്കരിക്കയും ചെയ്തു.

43. അന്ത്യോക്യായിലെ വി. ഏവുപ്രാസിയ തന്റെ നിക്ഷേപമായ ശുദ്ധതയെ അപഹരിക്കുവാൻ വന്ന ഒരു പടയാളിയുടെ കൈയിൽ നിന്നു രക്ഷപെടുവാൻ വേറെ മാർഗ്ഗമില്ലെന്നു കണ്ടപ്പോൾ ജീവനേക്കാൾ ശുദ്ധത നല്ലതെന്നു കരുതി ധീരതയോടെ തന്നെത്തന്നെ മരണത്തിനു കയ്യാളിച്ചുകൊണ്ടു ഭംഗം വരാത്ത ശുദ്ധതയ്ക്കു കിട്ടുന്ന സ്വർഗ്ഗീയ സമ്മാനം തന്റെ ദിവ്യമണവാളനായ ഈശോയുടെ കരങ്ങളിൽ നിന്നു സ്വീകരിച്ചു.

44. വി. പൌലോസ് ശ്ലീഹായിൽ നിന്നു സത്യവേദം സ്വീകരിച്ച ഇക്കോനിയാ ദേശക്കാരിയായ വി. തെക്ലാ കന്യാത്വത്തിന്റെ വിശിഷ്ടത ഗ്രഹിച്ചപ്പോൾ അതു നഷ്ടപ്പെടുത്താതിരിപ്പാൻ

വേണ്ടി വിസ്മയനീയമായ ധീരതയോടെ പോരാടി. ഈ വിശുദ്ധയെ വിവാഹജീവിതത്തിന് സമ്മതിപ്പിക്കാൻ സാധിക്കയില്ലെന്നു കണ്ടപ്പോൾ ഇവളുടെ അമ്മ തീയിൽ ഇവളെ ദഹിപ്പിക്കണമെന്നു പറഞ്ഞുകൊണ്ട് അജ്ഞാനിയായ വിധിയാളന്റെ പക്കൽ ഈ സുകൃതിനിയെ ഏൽപ്പിച്ചുകൊടുത്തു. പക്ഷേ ജ്വലിച്ചെരിയുന്ന തീയ് ഈ കന്യകയുടെ വിമലശരീരത്തെ സ്പർശിക്കാതെ ഉടനെ കെട്ടുപോയി. സിംഹങ്ങളും കരടികളും വിഷസർപ്പങ്ങളും ഈ വിശുദ്ധയുടെ പരിശുദ്ധ ശരീരത്തെ വണങ്ങി ബഹുമാനിക്കയല്ലാതെ ഒരുവിധത്തിലും ഉപദ്രവിക്കാൻ മനസ്സായില്ല. ശുദ്ധത എന്ന പുണ്യത്തെ മൃഗങ്ങളും നിർജ്ജീവ വസ്തുക്കൾ കൂടെയും ബഹുമാനിക്കുമ്പോൾ അതിനെ നിസ്സാരമായിക്കരുതി നഷ്ടപ്പെടുത്തുന്നതു് എത്ര വലിയ തെറ്റാകുന്നു.

45. പാശ്ചാത്യ സന്ന്യാസ സഭാസ്ഥാപകൻ എന്നു വിളിക്കപ്പെടുന്ന വിശുദ്ധ ബെനഡിക്ടോസ് തന്റെ ശൈശവത്തിൽ റോമാപ്പട്ടണത്തിലുള്ള ഒരു വിദ്യാലയത്തിൽ വിദ്യാഭ്യാസത്തിനായി അയക്കപ്പെട്ടു. അവിടെ ആ കാലത്തു് ബാലന്മാർ തൈവത്തെ മറന്നും ശുദ്ധതയുടെമേൽ സ്നേഹമില്ലാതെയും അശുദ്ധിയിൽ ജീവിക്കുന്നു എന്നു് വ്യസനസമേതം കണ്ടു് ആ വസന്ത തനിക്കും പിടിപെടാതിരിപ്പാൻവേണ്ടി പതിനഞ്ചു വയസ്സുള്ളപ്പോൾ ലോകത്തെ ഉപേക്ഷിച്ചു് ശുദ്ധ ഹൃദയത്തോടുകൂടെ തൈവത്തിനു ശുശ്രൂഷചെയ്വാനുറച്ചു് ഏകാന്തവാസം തിരഞ്ഞെടുത്തു. ഒരിക്കൽ അശുദ്ധ പരീക്ഷയാൽ ഇദ്ദേഹം പീഡിപ്പിക്കപ്പെട്ടപ്പോൾ അതിനെ

ജയിക്കാനായി ശരീരത്തിൽ നിന്നും രക്തം ഒഴുകുന്നതുവരെ ഞെരിഞ്ഞിൽ മുള്ളുകളിന്മേൽ കിടന്നിരുന്നു. ഈ പ്രവൃത്തി ദൈവത്തിനു് എത്രമാത്രം പ്രസാദിച്ചെന്നു് പിന്നീടൊരിക്കലും അദ്ദേഹത്തിനു് അശുദ്ധ പരീക്ഷ ഉണ്ടാകാൻ ദൈവം അനുവദിക്കാതിരുന്നതിൽനിന്നു വ്യക്തമാകുന്നു.

46. ഇംഗ്ലണ്ടിൽ കോൺവാളിലെ രാജാവായ സീംനോക്കിന്റെ പുത്രിയായിരുന്ന വി. ഉർസുലാ ശൈശവത്തിൽത്തന്നെ തന്റെ ശുദ്ധത ദൈവത്തിനു സമർപ്പിച്ചു. എന്നാൽ ഇവളുടെ പിതാവു് ഇവളെ ഫ്രാൻസിലെ ഒരു രാജകുമാരനായ കോനോൽ എന്ന ആളിനു വിവാഹം ചെയ്തുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തതും അതിനായി അവളെ മറ്റു പല കന്യകകളോടുകൂടെ ഫ്രാൻസിലേക്കു കപ്പൽ കയറ്റി അയക്കയും ചെയ്തു. പക്ഷേ ദൈവപരിപാലനയാൽ ഈ വിശുദ്ധയുടെ നേർച്ചയ്ക്കു് ഒരു ഭംഗവും വന്നില്ല. എങ്ങിനെയെന്നാൽ ഇവർ യാത്രചെയ്തിരുന്ന കപ്പൽ കൊടുങ്കാറ്റിൽ ഉൾപ്പെടുകയും നിശ്ചിത സ്ഥലത്തു നിന്നു വളരെ ദൂരെയുള്ള "റൈൻ" നദിയുടെ സമീപെ ചെന്നടുക്കുകയും ചെയ്തു. അദ്ദേശത്തു കൊള്ളചെയ്തിരുന്ന "ഹൺസ്" എന്നൊരു ക്രൂരം അപരിഷ്കൃത ജനങ്ങളുടെ നായകനായ "ഗാവനൂസ്" എന്നവൻ വി. ഉർസുലായുടെ സ്വാഭാവിക ഗുണങ്ങൾ കണ്ടു ആകൃഷ്ടിക്കപ്പെട്ടു അവളോടു മതത്യാഗം ചെയ്യണമെന്നും തന്നെ വരനായി സ്വീകരിക്കണമെന്നും ഉപദേശിച്ചു. എന്നാൽ ശുദ്ധതയെ സകലത്തേയുംകാൾ അധികമായി സ്നേഹിച്ചിരുന്ന ഈ വിശുദ്ധ താൻ മ്ശിഹായുടെ മണ

വാട്ടിയാണെന്നും ശ്രുദ്ധതസ്സ് ഭംഗം വരുത്താതിരിക്കാൻവേണ്ടി അയിരം പ്രാവശ്യം മരിക്കാൻ തനിക്കും തന്റെ അനുയായികൾക്കും ഒരുക്കമാണെന്നും ധൈര്യസമേതം പറഞ്ഞു. ഇതുകേട്ട കുപിതനായ അപരിഷ്കൃതൻ ഇവരെല്ലാവരേയും വാളിനിരയാക്കാൻ കല്പനകൊടുത്തു. ഇപ്രകാരം വി. ഉർസുലാ മാറനേകം കന്യകകളോടുകൂടെ ശ്രുദ്ധതസ്സുവേണ്ടിയും സത്യവേദത്തെക്കുറിച്ചും തങ്ങളുടെ ആയുസ്സിനെ പൂജിച്ചു.

47. ഒരു രാജകുമാരനായിരുന്ന വി. കാസ്മീർ ദൈവഭക്തനായ ഒരു ഉപാദ്ധ്യായനിൽ നിന്നു വിദ്യാഭ്യാസം സ്വീകരിച്ചതുകൊണ്ടു ദൈവഭയത്തോടും പുണ്യശോഭയോടുംകൂടെ വളർന്നുവന്നു. ഈ ബാലൻ അശ്രുദ്ധ പരീക്ഷകളേയും കോപശീലത്തേയും തന്നിൽ നിന്നകറ്റാൻ വേണ്ടി കഠിനതപഃക്രിയകൾ ചെയ്തിരുന്നു. രാത്രിയിൽ വളരെ നേരം ഉണർന്നിരുന്നു നമസ്കരിക്കപതിവായിരുന്നു. ജനങ്ങൾ ഇദ്ദേഹത്തെ രാജസ്ഥാനത്തിലേക്കു ഉയർത്തണമെന്നാഗ്രഹിച്ചെങ്കിലും വിനീതനായ ഈ വിശുദ്ധൻ അതിനു സമ്മതിച്ചില്ല. ശുദ്ധത എന്ന പുണ്യത്തെ അതിയായി സ്നേഹിച്ചിരുന്നതിനാൽ അതു അപകടംകൂടാതെ കാക്കാൻ എപ്പോഴും ശ്രമിച്ചിരുന്നു. ഇദ്ദേഹത്തിനുണ്ടായ അപൽക്കരമായ ഒരു ദിനം സുഖപ്പെടുത്തുന്നതിനു ഔഷധങ്ങളൊന്നും മതിയാകുന്നില്ലെന്നു വൈദ്യന്മാർ കണ്ടു വിവാഹജീവിതത്താൽ ഒരുപക്ഷേ സുഖപ്പെടുമെന്നു അഭിപ്രായപ്പെട്ടു. എന്നാൽ ഈ വിശുദ്ധൻ തന്റെ ജീവനേക്കാൾ അധികം വിരക്തിയെ സ്നേഹിച്ചിരുന്നതുകൊണ്ട് "ഞാൻ വിവാഹം കഴിക്കയില്ല.

മരിച്ചുകൊള്ളട്ടെ" എന്നു ധൈര്യസമേതം പറഞ്ഞു. ഇങ്ങിനെ ഉദ്ദേശം മുപ്പത്തെ വയസ്സിൽ സകല പുണ്യങ്ങളാൽ പ്രശോഭിതനും, ശുദ്ധത എന്ന പുണ്യത്തിന്റെ ഉത്തമമാതൃകയും ആയി, തന്റെ നിർമ്മലാത്മാവിനെ ദൈവത്തിനു സമർപ്പിച്ചു. ഈ വിശുദ്ധന്റെ പരിശുദ്ധ ശരീരം മൂലം പല അത്ഭുതങ്ങൾ സംഭവിച്ചു.

48. ശരീരിയായിരുന്നുകൊണ്ടു അശരീരിയേപ്പോലെ ജീവിച്ചതിനാൽ മാലാഖസ്സമ്മാനമായ ബേലൻ എന്നു വിളിക്കപ്പെട്ടന്ന വി. ളൂയീസ് ഗോൺസാഗാ തന്റെ ഏറ്റം വിലയേറിയ നിക്ഷേപമായ ശുദ്ധത കാത്തുകൊണ്ടുപോകുന്നതിനും അശുദ്ധിയുടെ ഒരു കാറ്റുപോലും തന്റെമേൽ വീശാതിരിക്കുന്നതിനുംവേണ്ടി ചെയ്ത സൂക്ഷ്മം അവർണ്ണനീയം തന്നെയാണ്. ദൈവത്തിനിഷ്ടമല്ലാത്ത ഒരു കാര്യം കാണുകയോ വല്ലതും കേൾക്കയോ ചെയ്യാതിരിക്കുന്നതിനുവേണ്ടി നല്ല ആലോചനയോടും സൂക്ഷത്തോടുംകൂടെയല്ലാതെ ഒന്നും നോക്കുകയോ ശ്രദ്ധിക്കയോ ചെയ്തിരുന്നില്ല. കഠിനമായ ചമ്മട്ടിയടി, മുള്ളരഞ്ഞാണം, നോമ്പു, ഉറക്കമൊഴിവു് ഇടവിടാതെയുള്ള പ്രാർത്ഥന ആദിയായവയാൽ തന്റെ നിർമ്മല ശരീരത്തെ അമർത്തിക്കൊണ്ടും ക്രൂരാശകൾ ഏറ്റം സംപൂർണ്ണമായ ഫലം കിട്ടത്തക്ക ഒരുക്കത്തോടും മനസ്സാപത്തോടുംകൂടെ സ്വീകരിച്ചുകൊണ്ടും ശുദ്ധത എന്ന പുണ്യം കളങ്കരഹിതമായികാത്തുപോന്നു. ഈ വിശുദ്ധന്റെ ജീവിതത്തെ മ്മലും വിവരിക്കുവാനും ഗ്രഹിക്കുവാൻകൂടെയും അസാദ്ധ്യമാകത്തക്കവണ്ണം അത്ര പാവനമായിരുന്നു. കുരിശിന്മേൽ തൂങ്ങിയ കർത്താവിനോടും

പ. ദേവമാതാവിനോടും ഉണ്ടായിരുന്ന നിസ്സീമമായ ഭക്തിയും, തപസ്സിനോടുള്ള സ്നേഹവും, ലോകാഡംബരങ്ങളിനോടുള്ള വെറുപ്പും, ഇടവിടാതെയുള്ള ദൈവസ്മരണയും, ഏറ്റം ശുദ്ധമായ ഭക്ഷണവും എന്നീ ഉത്തമ പോംവഴികളായിരുന്നു വി. ലൂയീസ് ശുദ്ധത കാക്കാനായി ഉപയോഗിച്ചിരുന്നത്. ഇതിനാൽ അശുദ്ധമായ ഒരു പരീക്ഷപോലും ഈ വിശുദ്ധന് ഉണ്ടാകാതെ സകല പുണ്യങ്ങളുടേയും ഉത്തമ മാതൃകയും ശുദ്ധതകൊണ്ട് ഒരു മാലാഖയും ആയി തന്റെ ഇഹലോകജീവിതം അവസാനിപ്പിച്ചു. ഈ വിശുദ്ധന്റെ സഹായത്താലും മാതൃകയാലും മറ്റനേകംപേർ വിശുദ്ധന്മാരായിത്തീർന്നു.

49. ഇപ്രകാരം പൂർണ്ണപരിശുദ്ധരായി ജീവിക്കാൻവേണ്ടി ഇഹത്തിൽ മറ്റൊന്നു നഷ്ടവും സഹിക്കാൻ ഒരുങ്ങിയിരുന്ന വി. സുനിസ്ലാവോസ്, യോഹന്നാൻ ബക്ക്മാൻസ്, ബർണ്ണാർഡ്, ഹെൻറീക്കോസ്, മർസിയാനോസ്, അന്തോനീസ്, യൂലിയാനോസ്, പന്ത്രാൾ ബായിലോൺ, ഗബ്രിയേൽ പസേന്തി, പ്ലാസിദോസ്, മാവുരൂസ്, അല്ലേഖ്, കരിശിന്റെ യോഹന്നാൻ, അഞ്ചെലോസ് അദിയായി മറ്റനേകായിരം വിശുദ്ധന്മാരുടെയും; വി. അമ്മ ത്രേസ്യാ, കൊച്ചുത്രേസ്യാ ലൂസിയാ, മഗ്ദലീത്താ, അഗസ്സാ, അഗ്നേസ്, ഫിലൊമേന, മെൽക്കീത്താ, അപ്പൊലോനിയാ മക്രീനാ തുടങ്ങിയുള്ള അനേകായിരം വി. കന്യകകളുടെയും വിസ്മയനീയമായ ധീരതയും അവരുടെ സ്ഥിരതയ്ക്കും വിശുദ്ധസ്ഥതക്കും സ്വർഗ്ഗത്തിൽ ലഭിച്ച നിത്യസമ്മാനവും ഏവരുടേയും ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്.

50. ഇവരെല്ലാവരും നമ്മെപ്പോലെ ആദത്തിന്റെ സന്തതികളായിരുന്നു. ശരീരവും ഉരാശകളും നമ്മോടു യുദ്ധം ചെയ്യുന്നതുപോലെ അവരോടും യുദ്ധം ചെയ്തിരുന്നു. ലോകവും പിശാചും അവരെയും കഠിനമായി പരീക്ഷിച്ചിരുന്നു.

51. എന്നാൽ ലോകത്തിന്റെയും പിശാചിന്റെയും ശരീരത്തിന്റെയും തട്ടിപ്പുകളിലും വഞ്ചനകളിലും അവർ ഉൾപ്പെട്ടില്ല. അവർ ദൈവശക്തിയിൽ ആശ്രയിച്ചു നല്ല ബുദ്ധിയോടും സാമർത്ഥ്യത്തോടും കൂടെ ഈ ശത്രുക്കളോടു യുദ്ധം ചെയ്ത് ശുദ്ധത കാത്തുപോന്നു.

52. ദൈവത്തെ ആനന്ദിപ്പിച്ചിരുന്ന ഇവരുടെ ശുദ്ധത കണ്ടു ദൈവം ഇവരിലേക്കു ആകൃഷ്ടരായി. അത്ഭുതങ്ങൾ ചെയ്തുകൊണ്ടു ഇവരെ താൻ സംരക്ഷിച്ചു. അവരെ ഉപദ്രവിച്ചിരുന്ന ശത്രുക്കളെ ദൈവം ശിക്ഷിക്കയും ലജ്ജിപ്പിക്കയും ചെയ്തു.

53. കന്യകകളുടെ ദിവ്യമണവാളനായ നമ്മുടെ കർത്താവീശോമ്ശിഹാ തന്റെ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഇവരുടെ ഹൃദയത്തിൽ എഴുന്നള്ളി അവിടെ വാസമുറപ്പിച്ചു. അവർക്കു ഹൃദയവെടിപ്പും സംസാരമാധുര്യവും സന്തോഷവദനവും നൽകിക്കൊണ്ടു്, 'സുജ്ഞാന'ഗ്രന്ഥത്തിൽ ഹൊദുക്കദശാ തമ്പുരാൻ അരുളിച്ചെയ്യുന്നതുപോലെ 'ദൈവതിരുസന്നിധിയിലും മനുഷ്യരുടെ പക്കലും അവരെ മഹത്വപ്പെടുത്തി.

54. ദൈവത്തിന്റെ വിശിഷ്ടദാനമായ ശുദ്ധതയും അതിനെ അപകടത്തിൽ നിന്നു സംരക്ഷിക്കുന്ന ഉറപ്പുള്ള കോട്ടകളായദൈവീകവും സാമാ

ക്രിക്കവും അയ സകല പുണ്യങ്ങളും അവരെ ഭൂമി
യിൽ നിന്നു സ്വർഗ്ഗനിവാസികൾക്കു തുല്യമുയർത്തി.
അവരോടു പ്രാർത്ഥിച്ചവരെ ദൈവം അനുഗ്ര
ഹിച്ചു. അവരെ ദർശിക്കുമാത്രം ചെയ്തവരിൽ നി
ന്നു അശുദ്ധ വിചാരങ്ങൾ അകന്നുപോയി.
അവരുടെ വിമല ശരീരത്തേയോ വസ്ത്രങ്ങളേ
യോ സ്പർശിക്കുമാത്രം ചെയ്തവർക്കു അത്ഭുതമായ സഹാ
യങ്ങൾ ലഭിച്ചു. രോഗങ്ങൾ മാറി ദുഃഖം ഇല്ലാ
തായി, ഹൃദയസമാധാനം ലഭിച്ചു.

55. അവരുടെ വാക്കുകൾക്കു കഠിനപാ
പികളെ മാനസാന്തരപ്പെടുത്താൻ സാധിച്ചു. പി
ശാചിന്റെ ദാസ്യത്തിൽ കിടന്നിരുന്ന അനേകർ
ദൈവമക്കളായിത്തീർന്നു.

56. അവരുടെ നാമം കേട്ടപ്പോൾ പി
ശാചുക്കൾ ഞെട്ടിത്തെറിച്ചു. അഗ്നി അവരെ ദഹിപ്പി
ക്കാൻ ശക്തമായില്ല.

തിളച്ചുകിടക്കുന്ന എണ്ണയോ പീഡനയന്ത്രങ്ങ
ളോ അവരുടെ മനോധൈര്യത്തെ ക്ഷയിപ്പിച്ചില്ല.

57. പൈശാചിക ബുദ്ധികൾക്കു കണ്ടുപി
ടിക്കുവാൻ പാടുള്ള എല്ലാ ദണ്ഡനങ്ങളാലും അവ
രെ ലോകവും പിശാചും പരീക്ഷിച്ചു. എന്നാൽ
അവരുടെ വിശ്വാസവും ശുദ്ധിയും ഒന്നിനൊ
ന്നിനു കൂടുതലായി തെളിഞ്ഞതേയുള്ളു.

58. ഈ ഭൂമിയിൽവച്ചു ദൈവം അവ
രെ ഈ വിധം മഹത്വപ്പെടുത്തിയശേഷം അവരു
ടെ പരിത്യാഗങ്ങളുടേയും അശാനിഗ്രഹങ്ങളുടേ
യും തപഃക്രിയകളുടേയും വിശ്വസ്തതയുടേയും സ്നേ
ഹത്തിന്റേയും നിത്യസമ്മാനം കൊടുത്തു തന്റെ
ഓമനമക്കളെപ്പോലെ അവരെ നിത്യം ഭാഗ്യപ്പെ

ട്ടത്താനും മറ്റാക്കും ലഭിക്കാത്ത സ്വർഗ്ഗീയ ലീലിപു
ഷ്പമുടി അവർക്കു കൊടുക്കാനുംവേണ്ടി നമ്മുടെ ദി
വ്യരക്ഷകൻ പാവനമായ അവരുടെ ആത്മാക്കളെ
തന്റെ പക്കലേക്ക് ക്ഷണിച്ചു.

59. ഓ! ഭാഗ്യം നിറഞ്ഞ ആ നാഴിക എ
ത്രയോ അഗ്രഹിക്കത്തക്കത്ത്. സ്വർഗ്ഗത്തിൽ താൻ
അവർക്കു നൽകുന്ന അവർണ്ണനീയമായ നിത്യഭാഗൃ
ത്തിലേക്കുള്ള അവരുടെ പ്രവേശനം ഏത്ര ആഹ്ലാ
ദകരം? കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടി
ല്ലാത്തതും മനുഷ്യഹൃദയത്തിൽ പ്രവേശിച്ചിട്ടില്ലാ
ത്തതും സകല സൗഭാഗൃങ്ങളുടെയും ഉറവയും കേ
ന്ദ്രസ്ഥാനവും ആയ ദിവ്യപ്രമരിയാടിനോട്ടു ഏറ്റം
അടുത്തു നിന്നുകൊണ്ടും സന്തോഷവദനത്തെ ദർശി
ച്ചുകൊണ്ടും മധുരഗാനങ്ങൾ പാടിക്കൊണ്ടും അനു
ഭവിക്കുന്നതായ ആ മോക്ഷാനന്ദം കൈവശപ്പെട്ട
ത്താൻ വേണ്ടി ഏത്ര പൂജയെങ്കിലും ചെയ്യാൻ സ
മ്മതിക്കാത്ത മനുഷ്യൻ ഉണ്ടാകുമോ?

60. "ഓ! ശുദ്ധതയെ! ഒരിക്കലും വാടി
പ്പോകാത്ത പൂമാലയേ ദൈവഭവനമെ! പരിശു
ദ്ധാത്മപ്രിയുടെ ദിവ്യാലയമെ ചുരുക്കംപേർക്കുമാത്രം
കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളതും അനേകർ ഉപേ
ക്ഷിച്ചു കളയുന്നതും യോഗ്യന്മാർ മാത്രം അഗ്രഹി
ക്കുന്നതുമായ വിലതീരാത്ത രത്നമെ, മരണത്തെ
ഇല്ലാതാക്കി മരണമില്ലായ്മ സമ്പാദിച്ചിരിക്കുന്ന
പരിശുദ്ധിയെ! നീ ദീർഘദർശികളുടെ ആനന്ദ
മാകുന്നു. ശ്ലീഹന്മാരുടെ മഹത്വമാകുന്നു. നീ മാ
ലാഖമാർക്കു ജീവനും വിശുദ്ധന്മാർക്കു കിരീടവുമാ
കുന്നു. ഓ! നിന്നെ ആർക്കു ലഭിച്ചിരിക്കുന്നുവോ, ആർ
നിന്നെ നഷ്ടപ്പെടുത്താതെ എപ്പോഴും സൂക്ഷിക്കു

ന്നുവോ, അവൻ സാക്ഷാൽ ഭാഗ്യവാൻ തന്നെ. എന്തുകൊണ്ടെന്നാൽ അവൻ നിന്നെ ലഭിക്കാനായി സല്ലമെ ബുദ്ധിമുട്ടിയുള്ളു. പക്ഷെ നീ മൂലം അവനുണ്ടാകുന്ന സന്തോഷം അളവറ്റതാകുന്നു"
(വി. അത്തനാസിയൂസ്)

II.

ശുദ്ധതയെ ചുറ്റിയിരിക്കുന്ന അപകടങ്ങളും കൂട്ടികൾ അവയിൽ വീഴാതിരിപ്പാൻ മാതാപിതാക്കന്മാരും മറ്റും ചെയ്യേണ്ട മുൻകരുതലുകളും.

1. ഐഹികജീവിതത്തിന്റെ ആരംഭത്തിൽ തന്നെ മനുഷ്യന്റെ ആത്മശരീരങ്ങളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ഒരു വിലയേറിയ രത്നമാകുന്നു ശുദ്ധത.

2. ഒരു ശിശുവിന്റെ കയ്യിൽ ഇരിക്കുന്നേരം കുറഞ്ഞ സ്ഫടികക്കഷണംപോലെയാണ് ബലഹീനരായ മനുഷ്യരിൽ ശുദ്ധത സ്ഥിതിചെയ്യുന്നത്. സ്ഫടികക്കഷണം ശിശു വളരെ എളുപ്പത്തിൽ ഉടച്ചുകളയുന്നതുപോലെ ശുദ്ധതയും വളരെ അധികം പേർക്കു നഷ്ടപ്പെട്ടുപോകുന്നുണ്ട്.

3. അതു നശിപ്പിക്കാനായി ബലവാന്മാരായ ലോകം, പിശാചു ശരീരം എന്നീ ശത്രുക്കൾ മനുഷ്യനെ എപ്പോഴും ചുറ്റിനിൽക്കുന്നു. ഈ കാരണങ്ങളാൽ എന്നെ ക്രൂടാതെ നിങ്ങൾക്കു യാതൊരു പ്രവൃത്തിയും നിത്യസമ്മാനം ലഭിക്കത്തക്കവണ്ണം

ചെയ്യാൻ സാധിക്കയില്ല എന്ന് നമ്മുടെ ദിവ്യര
ക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു് മറ്റൊരില്ലാത്തി
നെക്കാൾ അധികം ശുദ്ധതയെപ്പറ്റി പറയേ
ണ്ടിയിരിക്കുന്നു. (യോഹ. 15. 5.)

4. ദാവീദ്, ശ്ലോമോൻ മുതലായവരി അസം
ഖ്യംപേർ മനഃശക്തിയും ജ്ഞാനവും ബലവും വി
വേകവും പുണ്യവും ഉള്ളവരായിരുന്നിട്ടും ഒന്നുകി
ൽ പിശാചിന്റെ പരീക്ഷകൊണ്ടു അല്ലെങ്കിൽ
ലൗകികവും വ്യർത്ഥ നിറഞ്ഞതുമായ ആകർഷണ
ങ്ങളുടെയും സ്നേഹങ്ങളുടെയും ഫലമായിട്ടു, അതു
മല്ലെങ്കിൽ സ്വന്തശരീരത്തെ അധികമായി സ്നേഹി
ച്ചതിനാൽ ദുരാശകൾ ശക്തിപ്പെട്ടതുകൊണ്ടു അവ
രുടെ സ്വാതന്ത്ര്യം ഉടച്ചുകളയാനും ഏറ്റം വലി
യ നഷ്ടം സഹിക്കാനും ഇടയായെങ്കിൽ മനഃശ
ക്തിയില്ലാത്ത സാധുക്കളുടെസ്ഥിതി എന്തായിരിക്കും.
ഇതിനാലത്രേ ദൈവം തന്നെ തന്നില്ലെങ്കിൽ ശു
ദ്ധത എന്ന പുണ്യം കേട്ടുകൂടാതെ കാക്കാൻ അസാ
ദ്ധ്യം എന്നു ജ്ഞാനി പറഞ്ഞിരിക്കുന്നതു.

(സുജ്ഞാനം 8. 21.)

5. ഇതു ഗ്രഹിച്ചിരുന്ന വിശുദ്ധാത്മാക്കൾ
തങ്ങളുടെ ശക്തിയിൽ ഒരിക്കലും ആശ്രയിക്കാതെ
ദൈവത്തോടു എപ്പോഴും വിനയപൂർവ്വം പ്രാർത്ഥിക്ക
യും അപകടങ്ങളിൽനിന്നും ഓരോന്നുകളിൽനിന്നും
യിൽനിന്നും രക്ഷപെടാൻ ബുദ്ധിപൂർവ്വം ശ്രമിക്ക
യും ചെയ്തിരുന്നു

6. ആകയാൽ സ്വന്ത ശക്തിയാലും പരി
ശ്രമത്താലും സൂക്ഷത്താലും ശുദ്ധത കാത്തുകൊ
ണ്ടുപോകാമെന്നു് ആരും കരുതാതെ ഭയത്തോടും
വിനയത്തോടും കൂടെ ദൈവസഹായത്തിനായി

ഇടവിടാതെ പ്രാർത്ഥിപ്പാൻ അവശ്യമാകുന്നു. എ
ന്നാൽ നമ്മുടെ പ്രാർത്ഥന ദൈവംകേട്ടു സഹായ
നൽകണമെങ്കിൽ നാം അപകടങ്ങളിൽ നിന്നും
പാപഹേതുക്കളിൽ നിന്നും അകലണം. വിഷം
ഉള്ളിൽ കിടക്കുമ്പോൾ ഔഷധം ഫലിക്കയില്ല.
ഒന്നാമതായി വിഷതുല്യമായ പാപഹേതുക്കളെ
അകറ്റണം. പിന്നീട് ഔഷധം സേവിക്കണം;
അപ്പോൾ ഫലിക്കും.

7. ഏന്നാൽ അറിവും പരിചയവുമില്ലാത്ത
ബാലികാബാലന്മാർ ഈ വിലയേറിയ നിക്ഷേപം
നഷ്ടപ്പെട്ടുത്തിക്കളയാതിരിക്കുന്നായി അപടങ്ങ
ളിൽനിന്നു അവരെ രക്ഷിക്കേണ്ടതു് മാതാപിതാ
ക്കന്മാർ ആദിയായി അവരെ വളർത്താൻ കടപ്പെ
ട്ടിരിക്കുന്നവരാകുന്നു. അങ്ങയാൽ ശുദ്ധതയുടെ
സംരക്ഷണത്തിനായി ഓരോരുത്തരും സ്വന്തകാ
യ്ത്തിലും, മാതാപിതാക്കന്മാർ സ്വന്ത മക്കളുടെ
യും കീഴുള്ള എല്ലാവരുടെയും കായ്ത്തിലും, ബോർ
ഡിങ്ങുകൾ, അനാഥശാലകൾ, വിദ്യാലയങ്ങൾ,
സത്രങ്ങൾ, വായനശാലകൾ, ആദിയായ സ്ഥാപ
നങ്ങളുടെ അദ്ധ്യക്ഷന്മാരും അദ്ധ്യാപകന്മാരും അ
വരവരുടെ സൂക്ഷത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കു
ന്നവരുടെ കായ്ത്തിലും പ്രത്യേക ശ്രദ്ധപതിക്കു
വാൻ അവശ്യമാണു്.

8. പരിശുദ്ധമായസ്നേഹം അശുദ്ധമോ സ്വാ
ഭാവികമോ ആയ സ്നേഹത്തിൽനിന്നു വളരെ വ്യ
ത്യാസപ്പെട്ട ഒന്നാണു്. പരിശുദ്ധ സ്നേഹത്തിന്റെ
അടിസ്ഥാനം ദൈവഭക്തിയാകുന്നു. അതിന്റെ വി
ഷയവും ദൈവംതന്നെ. വേറെ ഏതെങ്കിലും വസ്തു
വിന്മേൽ സ്നേഹം ഉണ്ടെങ്കിൽ അതു ദൈവത്തെ

ക്കുറിച്ചും ദൈവചിത്തം അനുസരിച്ചും ആയിരിക്കുമ്പോൾ പരിശുദ്ധ സ്നേഹമാണ്. അല്ലായെങ്കിൽ ദൈവസ്നേഹം നഷ്ടപ്പെട്ടുത്തുന്ന സ്വസ്നേഹമായിരിക്കും.

9. പരിശുദ്ധമായ സ്നേഹം മ്ലേച്ഛമോ പാപകരമോ അയ ഒന്നിലേക്കും ചായുകയില്ല. അതിന്റെ സവ്പ്രധാനമായ (സ്നേഹ) വിഷയം ദൈവം തന്നെയാണ്. അതു മഹാത്മ്യമുള്ളതും വിവേകത്താൽ ക്രമീകരിക്കപ്പെട്ടതും സ്വാർത്ഥതയില്ലാത്തതും അതിരു കവിയാത്തതും ആയിരിക്കും.

10. അപ്രകാരം തന്നെ ക്രൂരക്രൂരമായുള്ള സമ്മാനങ്ങളിലും ഏഴുത്തുകളിലും സംസാരങ്ങളിലും കാഴ്ചകളിലും ഭക്ഷണപദാർത്ഥങ്ങളിലും അതു മാധുര്യം അന്വേഷിക്കയില്ല. ഇങ്ങിനെയുള്ള മാധുര്യം പരിശുദ്ധ സ്നേഹത്തിൽനിന്നു വളരെ വിട്ടു രമാണ്.

11. പിന്നെയും കാഴ്ചയും കേൾവിയും പഞ്ചേന്ദ്രിയങ്ങളുടെ സ്വാഭാവിക ആകർഷണങ്ങളും മാധുര്യങ്ങളും അല്ല പരിശുദ്ധമായ സ്നേഹത്തെ നിലനിർത്തുന്നത്.

12. നേരെ മറിച്ച് നല്ല സൂക്ഷമില്ലാത്തപ്പോൾ ഇവ പരിശുദ്ധ സ്നേഹത്തെ വളരെ എളുപ്പത്തിൽ വഷളാക്കിക്കളയാൻ പാടുണ്ട്.

13. പരിശുദ്ധ സ്നേഹത്തെ ഭരിച്ചു നടത്തുന്നത് ബുദ്ധിയാകുന്നു. അതു ബാഹ്യമായ ഒന്നുകൊണ്ടും ഇളകി വശീകരിക്കപ്പെടുന്നില്ല.

14. സ്നേഹം പരിശുദ്ധമായിരിക്കുമ്പോൾ അകുലചിന്തയും അമിതഭയവും ഒന്നുമില്ല.

15. പരിശുദ്ധമല്ലാത്ത സ്നേഹം ശുദ്ധത

എന്ന നിക്ഷേപത്തെ നശിപ്പിച്ചു കളയുന്നു. സ്നേഹത്തിൽ പരിശുദ്ധി കുറയുന്തോറും അശുദ്ധിയിലേക്ക് ചാഞ്ഞുപോയി ഒടുവിൽ അപകടങ്ങളാൽ പുറപ്പെട്ടും.

16. പഞ്ചേന്ദ്രിയങ്ങളെ സൂക്ഷിക്കാത്തവന്റെ ഹൃദയത്തിൽ സ്വാഭാവികവും അശുദ്ധവുമായ സ്നേഹം പ്രവേശിച്ചു വസിക്കും. പഞ്ചേന്ദ്രിയങ്ങൾ ആത്മശത്രുക്കൾ ഉള്ളിൽ പ്രവേശിക്കുന്ന വാതിലുകളും ജനേലകളും ആകുന്നു. (ഏറമ്യാ 9. 21.) വാതിൽ അഥവാ ജനേല ശരിയായി അടച്ചു പൂട്ടിയിടാത്ത നേരം നോക്കി ശത്രു വീട്ടിനുള്ളിൽ പ്രവേശിക്കുന്നതുപോലെ കണ്ണ്, ചെവി മുതലായ ഇന്ദ്രിയങ്ങളെ സ്വാഭാവികചാഞ്ചില്യപോലെ വിട്ടുകൊടുത്തു് ആവശ്യമില്ലാത്തവ കാണാനും കേൾക്കാനും മറ്റും ഇടയാക്കുന്ന നേരത്തു ആത്മീയ ശത്രുക്കൾ അകത്തു പ്രവേശിക്കയും പാപകരമായ ചാഞ്ചില്യകളും പൈശാചിക പരീക്ഷകളും ദുർവ്വികാരങ്ങളും അശുദ്ധ സ്നേഹങ്ങളും ഉള്ളിലുണ്ടാക്കി ആത്മാവിനെ മുറിപ്പെടുത്തുകയും ഏറ്റവും വിലയേറിയ നിക്ഷേപമായ ശുദ്ധതയ്ക്കു വളരെ എളുപ്പത്തിൽ നാശം വരുത്തുകയും ചെയ്യുന്നു.

17. ആകയാൽ ശുദ്ധതയെ സ്നേഹിക്കുന്നവൻ തന്നിൽ സ്വാഭാവികപക്ഷം ആരുടെ മേലും ഉണ്ടാകാതിരിപ്പാനും പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിപ്പാനും പ്രത്യേകം സൂക്ഷിക്കണം. ഇസ്രായേലിന്റെ രാജാവായി ദൈവകല്പനയാൽ വാഴിക്കപ്പെട്ട ദാവീദ് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ നല്ലവനായിരുന്നു. പക്ഷെ തന്റെ കണ്ണുകളെ നിയന്ത്രിക്കാതെ അലസനായി

വീട്ടിലിരുന്ന അവസരത്തിൽ കണ്ണിൽ കൂടെ അ
ശുദ്ധ ശത്രു ഉള്ളിൽ പ്രവേശിച്ചു പല ഭയങ്കരതി
നകൾ ചെയ്യുവാൻ ഇടയാക്കി. (2 രാജ. 11. 1.)

18. ഇസ്രായേൽക്കാരോടുകൂടെ ദൈവം ഉള്ള
പ്പോൾ അവരെ തോല്പിക്കാൻ ഒരുത്തക്കും നിവൃ
ത്തിയില്ലായിരുന്നു. ഇതു ബാലാം എന്ന കള്ള ദീഷ്ട
ദർശി അറിഞ്ഞു് ദൈവത്തിൽ നിന്നു ഇസ്രായേൽ
ക്കാരെ അകറ്റുവാനും പിന്നീടു അവരെ തോല്പി
ക്കാനും വേണ്ടി ഇസ്രായേലിന്റെ ശത്രുവായ മെദി
യാൻകാർക്കു് ഒരു മാർഗ്ഗം കാണിച്ചുകൊടുത്തു. അതു
അശുദ്ധിയിലേക്കു് ഇസ്രായേൽക്കാരെ ആകർഷിക്ക
ക എന്നതായിരുന്നു. മെദിയാൻകാർ ഈ ദുരുപാ
യം ഉപയോഗിച്ചു. ഇസ്രായേൽക്കാരിൽ പലർ ത
ങ്ങളുടെ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കാതിരുന്ന
തിനാൽ അശുദ്ധ പാപത്തിലേക്കു ആകർഷിക്കപ്പെ
ടുകയും ദൈവത്തെ മറന്നു ഭയങ്കരതിന്മയിൽ ഉൾ
പ്പെടുകയും ചെയ്തു. അപ്പോൾ ദൈവം കഠിനമായ
വസന്ത അയച്ചു ഇസ്രായേൽക്കാരെ ശിക്ഷിച്ചു.
ഇപ്രകാരം പിശാചു അശുദ്ധ പരീക്ഷ മൂലം
ദൈവത്തിൽ നിന്നു അകറ്റി നരകാഗ്നിക്കു് ഇര
യാക്കുന്ന ആത്മാക്കൾക്കു് സംഖ്യയില്ല.

19. സ്വാഭാവിക പക്ഷത്തെ ബുദ്ധികൊണ്ടു
നിയന്ത്രിക്കാത്തവൻ ബുദ്ധിഹീനനാകുന്നു. അവൻ
അന്യരുടെ നിന്ദാവിഷയമായിത്തീരും. സ്വഭാവച്ചേ
ർച്ചയും അഭിപ്രായയോജിപ്പും സൽസ്വഭാവവും ഉ
ള്ളവരോടു സ്വാഭാവികപക്ഷം വളരെ ഏളുപ്പത്തി
ൽ ഉണ്ടാകാൻ പാടുണ്ടു്. അതിൽ നിന്നു വലിയ നാ
ശവും ഉണ്ടാകും.

20. അകയാൽ കൂട്ടികളുടെ ഭരണം നടത്തു

ന്നവക്ക് ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ വേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഒരു കൂട്ടത്തിൽ ചില കുട്ടികൾ തമ്മിൽ പ്രത്യേക സ്നേഹം ഉണ്ടായാൽ ആ കൂട്ടം മുഴുവനിലും വസന്ത പിടിച്ചു് വഷളാകുന്നതിനു് അതു മതിയാകും. സ്വല്പം പുളിച്ച മാവു് ഒരു വറ പൊടി പുളിപ്പിക്കുന്നതിനു മതിയാകുന്നതുപോലെ ഒരു വലിയ കൂട്ടത്തെ ആത്മനാശത്തിൽ ഉൾപ്പെടുത്തുന്നതിനു് സ്വാഭാവികവും ഹീനവുമായ സ്നേഹത്താൽ വഷളായ ഒന്നു രണ്ടു പേർ മതിയായിരിക്കുന്നു. (ഗാല. 5. 9.) പല സ്ഥലങ്ങളിൽ ഇങ്ങിനെ സംഭവിച്ചിട്ടുള്ളതിനാൽ തിരുസഭക്കു വളരെ സങ്കടവും പല ആത്മാക്കൾക്കു് നിത്യനാശവും വന്നിട്ടുണ്ടു്.

21. ആകയാൽ മാതാപിതാക്കന്മാർ തുടങ്ങി ശിശുക്കളേയും ബാലന്മാരേയും യുവാക്കന്മാരേയും അന്വേഷിച്ചും ഭരിച്ചും വളർത്തുവാൻ ചുമതലപ്പെട്ട എല്ലാവരും ഇങ്ങിനെയുള്ള തിന്മകൾ തങ്ങളുടെ സൂക്ഷ്മത്തിനേല്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾക്കു് ഉണ്ടാകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. അവക്കു ഈ വിഷയത്തിൽ ശ്രദ്ധക്കുറവുണ്ടായാൽ അതുമൂലം ഓരോ ആത്മാവിനും ഉണ്ടാകുന്ന ഉതപ്പിനേക്കുറിച്ചും, വന്നുകൂടുന്ന ആത്മനാശത്തെക്കുറിച്ചും ഹൃദയ നിഷ്കളങ്കതയുടെയും ശുദ്ധത എന്ന പുണ്യത്തിന്റേയും നഷ്ടത്തേക്കുറിച്ചും ശരിയായ ഒരു കണക്കു് ദൈവതിരുമുമ്പാകെ കേൾപ്പിക്കേണ്ടി വരുമെന്നും ഓർക്കണം.

22. മറ്റൊരോ നന്മകളും ലൌകീകന്യായങ്ങളും താല്ക്കാലിക ലാഭങ്ങളും മറ്റും ഉദ്ദേശിച്ചുകൊണ്ടു് ഒഴിവുകഴിവുകൾ വിചാരിക്കയും കൂട്ടികളിലു

ണ്ടാകുന്ന ഈവിധ തിന്മകളെ വകവെയ്ക്കാതിരിക്കയും കണ്ണടച്ചു കളയുകയും വേണ്ടവിധം തടയാതിരിക്കയും ചെയ്യുന്ന മാതാപിതാക്കന്മാരും മറ്റു അധികൃതന്മാരും തങ്ങളുടെമേലും ആ കുട്ടികളുടെമേലും അവർമൂലം തിന്മ പിറക്കുന്ന അനേകം ആത്മാക്കളുടെ മേലും ഒടുവിലോപവും നിത്യശാപവും വരുത്തുന്നുവെന്നുള്ള വസ്തുത മറന്നുകളയേണ്ടതല്ല. ഉതപ്പു കൊടുക്കുന്നവർക്ക് നമ്മുടെ കർത്താവിട്ട ഭയങ്കരശാപം ഇവരുടെമേൽ വരും:— ഈ ചെറിയവരിൽ ഒരുവനെ ഉതപ്പിക്കുന്നതിനേക്കാൾ തിരികല്ല കഴുത്തിൽ കെട്ടി കടലിൽ മുങ്ങിക്കളയുന്നതു നന്നാണെന്നല്ലയോ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നത്. (മത്താ. ഛവ. ന്ന..)

23. ആകയാൽ കുട്ടികളോരോരുത്തരും ആരെയെങ്കിലും അധികം സ്നേഹിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ അത് ആരെയെന്നും, ആരോടുകൂടെ അധികനേരം ഇരിക്കാനും, കൂട്ടുകൂടാനും കളിക്കാനും താല്പര്യം കാണിക്കുന്നതെന്നും സൂക്ഷിച്ചറിയണം. ഇരുകൂട്ടരുടെയും സ്വഭാവപ്രകൃതി നല്ലവണ്ണം മനസ്സിലാക്കാൻ ശ്രമിക്കണം. സംശയിക്കത്തക്കതായി ഒന്നുമില്ലെന്നും കളങ്കരഹിതമാണെന്നും കാണപ്പെട്ടാലും കുട്ടികളിൽ പ്രത്യേക സ്നേഹം വളർന്നുവരാൻ ഒരിക്കലും ഇടയാക്കരുത്.

24. മാത്രമല്ല രഹസ്യമായതുംമറ്റുള്ളവരെ അറിയിക്കാതിരിക്കാൻ ശ്രമിക്കുന്നതുമായ സ്നേഹലക്ഷണങ്ങളും കളികളും സമ്മാനദാനങ്ങളുംമറ്റിതുപോലെയുള്ള സകല ഏർപ്പാടുകളും നിശ്ശേഷിയോടെമുടക്കണം.

വേണ്ട നോട്ടം ക്രൂരതയെയും സ്വഭാവഗുണത്തെ അധികം വിശ്വസിച്ചും ഇരുവർ തനിയെ ഇരിക്കുന്നും നടക്കുന്നും കളിക്കുന്നും മറ്റും അനുവദിക്കുന്നതുകൊണ്ടു ഏതു അധികം തിന്മയുണ്ടാകുന്നെന്നു പറഞ്ഞറിയിക്കാൻ പാടില്ല.

25. ആകയാൽ ഇങ്ങനെയുള്ള കായ്ങ്ങളിൽ അധികതന്മാർ പ്രത്യേകം സൂക്ഷിക്കയും ഏറ്റവും നല്ലവരെന്നു തോന്നുന്ന ആളുകളെ തന്നെ ആയാലും അധികം വിശ്വസിക്കാതിരിപ്പാനും, കുട്ടികളെ തനിച്ചോ, വേണ്ട ശ്രദ്ധ കൂടാതെ അന്യരുടെ കൂടെയോ വിടാതിരിപ്പാനും സ്വന്ത വീട്ടിലും സ്ഥാപനത്തിലും അന്യ കുട്ടികളാകട്ടെ പ്രായമുള്ളവരാകട്ടെ വന്നു അധിക സ്വാതന്ത്ര്യത്തോടെ വർത്തിക്കാതിരിപ്പാനും ശ്രദ്ധപതിക്കയും വേണം.

26. തള്ളമാർക്ക് ഈ കായ്ങ്ങളിൽ പ്രത്യേക സൂക്ഷമുണ്ടാകയും അവർ അറിയാത്ത ഒരു രഹസ്യവും കുട്ടികളിലുണ്ടാകാതിരിക്കാൻ ഇടയാക്കുകയും ചെയ്യാൽ തിന്മ വളരെ കുറയും

27. അശുദ്ധ പാപികൾക്കു് ആകാശരാജിത്തിൽ അവകാശമില്ല എന്നുള്ള രഹസ്യദർശനത്തുരാന്റെ മാറ്റമവരാത്ത വാക്യം എല്ലാവരുടേയും ഓർമ്മയിലുണ്ടായിരിക്കട്ടെ. (അപ്പൊ: ൫. ൫.) അപ്രകാരം തന്നെ ദൈവഭവനം അശുദ്ധമാക്കാൻ തുനിയുന്നവനെ ദൈവം നശിപ്പിച്ചുകളയുമെന്നും, ദൈവഭവനം വിശുദ്ധ സ്ഥലമാണെന്നും, എന്നാൽ നിങ്ങൾ തന്നെയാണു് ദൈവഭവനമെന്നും നമ്മോടു് അറിയിച്ചുതന്നിരിക്കുന്നതു് രഹസ്യദർശനത്തുരാനാകുന്നു. (൧. ക്രൊന്ത. ൩. ൧൭.)

28. ഇതിൽ നിന്നു കുട്ടികളുടെ ആത്മശരീ

രങ്ങളെ അശുദ്ധിയിൽ നിന്നു രക്ഷിച്ചു വളർത്തുവാൻ മാതാപിതാക്കന്മാരും മറ്റും എത്ര അധികം ഉത്സാഹിക്കാൻ ആവശ്യമെന്നു ഗ്രഹിക്കും.

29. അകയാൽ അവർ കുട്ടികളിൽ ഓരോരുത്തന്റെയും സംസാരരീതി, സംസാരവിഷയം, സ്വഭാവം, ശരീരപ്രകൃതി, തിരഞ്ഞെടുക്കുന്ന കൂട്ടുകാർ, വായിക്കുന്ന പുസ്തകങ്ങൾ, കണ്ണുകളുടേയും ചെവിയുടേയും മറ്റു ഇന്ദ്രിയങ്ങളുടേയും ഗതി ആദിയായവയിൽനിന്ന് അവരുടെ മനസ്ഥിതി ഗ്രഹിച്ചുകൊണ്ട് അവരെ അപകടങ്ങളിൽനിന്നും ദുസ്സുഹൃങ്ങളിൽനിന്നും അകറ്റി ദൈവഭവനത്തിനു തക്ക വിശുദ്ധി അവരുടെ ഹൃദയങ്ങളിൽ എപ്പോഴും ഉണ്ടായിരിപ്പാൻ ഇടയാക്കണം.

30. അന്യഗൃഹങ്ങളിൽ നിന്നു സംബന്ധക്കാരായ കുട്ടികളും മറ്റും വരുമ്പോൾ മക്കൾക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുത്ത് അവരോടുകൂടെ എന്തും ചെയ്വാൻ അനുവദിക്കുന്നത് വലിയ അവിവേകമാകുന്നു.

31. കുട്ടികളുടെ കളി, കൂളി, ഉറക്കം ആദിയായവ എവിടെയെന്നും എപ്പോഴെന്നും എങ്ങിനെയെന്നും അവയിൽ അവരുടെ കൂട്ടുകാർ ആരാണെന്നും നല്ലവണ്ണം സൂക്ഷിച്ചറിയുകയും അവക്ക് ഒരു വിധത്തിലും ഉതപ്പുണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട ശട്ടംകെട്ടുകളും അന്വേഷണങ്ങളും ചെയ്യുകയും വേണം.

32. സൃഷ്ടിയുടെ പുസ്തകം ഇരുപത്തൊന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്. ഇസ്മായേൽമൂലം തന്റെ മകനായ ഇസഹാക്കിനു ഉതപ്പുണ്ടാകുന്നെന്നു സാറാ കണ്ടപ്പോൾ അ

വൾ തന്റെ ഭർത്താവായ അബ്രാഹത്തോട് ഇസ്മാ
യേലിനെ വീട്ടിൽ നിന്നു പിരിച്ചു വിടണമെന്നു
അറിയിച്ചു. സാറായുടെ ഈ ആഗ്രഹം അബ്രാഹ
ത്തിനു ദുഃഖകാരണമായി. എന്നാൽ ദൈവം അ
ബ്രാഹത്തിനു കാണപ്പെട്ട സാറാ പറഞ്ഞപ്രകാരം
ചെയ്യാനാണു കല്പിച്ചതു്. (ഉല്പ. 21. 12.)

33. ചീത്തയായ പുസ്തകങ്ങൾ, പടങ്ങൾ,
കളികൾ, പാട്ടുകൾ, ചീത്തവർത്തമാനങ്ങൾ, വാക്കു
കൾ, നാടകങ്ങൾ, കഥകൾ, ചീത്തക്കാഴ്ചകൾ ആ
ദിയായവ പിശാചു മനുഷ്യാത്മാക്കളെ കൈവശ
പ്പെടുത്താനായി ഉപയോഗിക്കുന്ന വലയും ചൂണ്ടയും
ആകുന്നു.

34. ചൂണ്ടയിൽ ഇരകോർത്തു മത്സ്യങ്ങളേയും
മറ്റും പിടിച്ചെടുക്കുന്നതുപോലെ പിശാചു മേല്പറ
ഞ്ഞ പാപഹേതുക്കളെ മനുഷ്യബോധത്തിൽ ഇട്ടു
കൊടുക്കയും സ്വഭാവത്താലെ ഇങ്ങിനെയുള്ള കാഴ്ച
കളിലേക്കു് ചാഞ്ഞിരിക്കുന്ന മനുഷ്യഹൃദയം പെ
ട്ടന്നു അവയിലേക്കു് ആകർഷിക്കപ്പെടുന്നതരം നോ
ക്കി അവൻ ആത്മാവിനെ ചാവുദോഷത്തിൽ ഉൾ
പ്പെടുത്തി കൈവശമാക്കുകയും ചെയ്യുന്നു.

35. ഇപ്രകാരം മേല്പറഞ്ഞ കാരണങ്ങളിൽ
നിന്നു ഓടിഅകലാതിരുന്ന സംഖ്യാതീതമായ ആ
ത്മാക്കൾ ശുദ്ധത എന്ന പുണ്യം നശിപ്പിച്ചു് നി
ർഭാഗ്യപ്പെട്ട അശുദ്ധ പാപത്തിലും നിത്യനരകാ
ഗ്നിയിലും വീണിട്ടുണ്ടു്. ഇവരെയെല്ലാം പിശാചു
നരകത്തിലുൾപ്പെടുത്തിയതു് ഒരു പരീക്ഷകൊ
ണ്ടോ ഒരു ദിവസംകൊണ്ടോ അല്ല.

36. നല്ല വിനയവും അടക്കവും ഉള്ള ചി
ല ആത്മാക്കൾ ആദ്യം ഓരോ ചീത്തവാക്കുകളും

കാഴ്ച്ചകളും കേൾക്കാൻ ഇടയാക്കി, പിന്നീട് പി
ശാചു് ആ വിചാരങ്ങൾ അവരുടെ ഉള്ളിൽ പല
പ്രാവശ്യം വരുത്തുകയും നിലനിറുത്തുകയും ചെയ്തു.
അതിനുശേഷം ചില സംഗതികൾ കാണാനും
കേൾക്കാനും അറിയാനും ഉള്ള ഒരാശ അവരു
ടെ ഉള്ളിൽ വരുത്തി. ആരംഭത്തിൽ ഈ ആശക
ൾ അവർ തള്ളിക്കളഞ്ഞെങ്കിലും വേണ്ട പോംവഴി
കൾ ഉപയോഗിക്കാതിരുന്നതിനാൽ കുറെ കഴി
ഞ്ഞപ്പോൾ അവ തഴക്കത്തിൽവന്നു. അവയുടെ തി
ന്മ ഉള്ളിൽ തട്ടാത്ത ഒരുനിലയിലും ആയി. അ
പ്പോൾ പിശാചു ചില സ്വാഭാവികവും അത്ഭുതവു
മായ ചാച്ചിലുകളും സന്തോഷങ്ങളും ഉള്ളിൽവരുത്ത
യും അതോടുകൂടെ പരീക്ഷകളുടെ എണ്ണം വർദ്ധിക്ക
യുംചെയ്തു. മുൻപു് വളരെവെറുത്തിരുന്ന ചില സം
ഗതികൾ ഇപ്പോൾ വെറുപ്പില്ലാത്തവയായിതീർന്നു. മു
ൻപു് കേൾക്കാൻകൂടെ ഭയംതോന്നിയിരുന്ന ചില
സംഗതികളിലേക്കു് ഇപ്പോൾ ശക്തിയായി ആ
കർഷിക്കപ്പെട്ടു. ഇങ്ങിനെ ആയപ്പോൾ പിശാചു്
ഓരോരുത്തന്റെ സാഹചര്യങ്ങൾനോക്കി ചിലരെ
പഞ്ചേന്ദ്രിയങ്ങൾ വഴിയായും ചിലരെ അതിയായ
ഭ്രമാച്ചിൽ വഴിയായും, ചിലരെ സ്നേഹിതന്മാർ വ
ഴിയായും, ചിലരെ ദുഷ്ടന്മാരായ ആളുകൾ ചെയ്യു
ന്ന അന്യായവും കാണിച്ചു ഉതപ്പുംവഴിയായും പാപ
ത്തിൽ വീഴിച്ചു.

37. മറ്റു ചിലരെ അസാന്മാർഗ്ഗിക ചിത്ര
ങ്ങൾ കാണിക്കുന്ന സിനീമാ, ചീത്തനാടകങ്ങള
ുടെ കാഴ്ച്ച നിമിത്തവും ആകർഷിക്കുന്ന ആളുകളുടെ
ദർശനവും സ്പർശനവും ശ്രവണവും സഹവാസവുംമൂ

ലവും ചിലരെ ചീത്തപുസ്തകങ്ങളുടെ വായനവഴി യായും വേറെ ചിലരെ ദുർവ്യാശയും സ്നേഹിതന്മാ രെ തൃപ്തിപ്പെടുത്താനുള്ള ആശയും മൂലവും, ചില രെ മദ്യപാനവും ഭോജനപ്രീയവും മൂലവും ഇപ്ര കാരം അറിയാത്ത നേരത്തും വിധത്തിലും വന്ന നിരവധി പരീക്ഷകളാൽ പിശാചു് ആത്മീയ മര ണത്തിലും നിത്യനാശത്തിലും ഉൾപ്പെടുത്തി.

38. ഇങ്ങനെ ഒരു തിന്മയുമില്ലാതിരുന്ന അ നേകം ആത്മാക്കൾ തട്ടിക്കപ്പെട്ടു ഒടുവിൽ ഭയങ്കര നാശത്തിൽ വീണു.

39. അശുദ്ധിയെ ഹൃദയപൂർവ്വം വെറുത്തു് അതിനെ മരണത്തേക്കാൾ അധികം ഭയപ്പെട്ടിരു ന്ന പല ആത്മാക്കൾ, ഒരു തിന്മയുമില്ലെന്നു് ആദ്യം വിചാരിച്ചിരുന്ന ചില നിസ്സാര കാരണങ്ങളിൽ നിന്നു് ഒഴിഞ്ഞു മാറാതെയിരുന്നതിനാലും മാതാ പിതാക്കന്മാരും മറ്റധികൃതന്മാരും അവരുടെ കട മ ശരിയായി നിറവേറ്റാതിരുന്നതുകൊണ്ടും വലിയ അപകടത്തിലും തിന്മയിലും ചെന്നു വീഴുന്ന തിനിടയായി.

40. വേറെ പലർ മാതാപിതാക്കന്മാരോടും അധികൃതന്മാരോടും തെളിവായും കാപഠ്യം കൂടാ തെയും അവക്കുണ്ടായിരുന്ന അപകടങ്ങൾ, അന്യ രിൽ നിന്നുണ്ടായ ഉപദ്രവങ്ങൾ, അടിയായവ അ റിയിക്കാതെയിരുന്നതിനാൽ നാശത്തിലുൾപ്പെട്ടു.

41. പിന്നെയും ചിലർ അവരുടെ ആത്മാ വസ്ഥയും പരീക്ഷകളും, കലക്കങ്ങളും വീഴ്ചകളും അപകടങ്ങളും മറ്റും വേണ്ട വിധം കുമ്പസാരക്കാ രനോടു പറഞ്ഞു ആ ദേഹത്തിന്റെ ആലോചന കളും ഉപദേശങ്ങളും അനുസരിച്ചു നടക്കുന്ന കാ

യ്ത്തിൽ അഭിമാനിച്ചതിനാൽ പിശാചിന്റെ വ
ചയിൽ വീണ അതിൽ കിടന്നു നശിച്ചു.

42. അസംഖ്യം പേർ ശൈശവത്തിൽ മാ
താപിതാക്കന്മാർ വേണ്ട സൂക്ഷ്മം ക്രമമാതെ വളർത്തി
യതിനാലും അശ്രദ്ധന്മാരായ അന്യരുടെ പക്കലും
മറ്റും ഏൽപ്പിച്ചതുകൊണ്ടും ഭയങ്കരനാശത്തിൽ
ചെന്നെത്തി.

43. അനേകർ ചെറുപ്പത്തിൽ വീട്ടിൽ വ
ച്ചു നല്ലവണ്ണം വളർത്തപ്പെട്ടെങ്കിലും വിദ്യാഭ്യാസത്തി
നായും ജോലികൾക്കായും മറ്റും ദൂരദേശങ്ങളിലും
ചീത്ത ക്രൂട്ടുകാരുടെ ക്രൂട്ടത്തിലും നല്ല ക്രമമില്ലാ
ത്ത സത്രങ്ങളിലും ബോർഡിങ്ങുകളിലും അന്യരു
ടെ വീടുകളിലും പോയി താമസിക്കുന്നതിനും മാ
താപിതാക്കന്മാർ അറിയാതെ പല തിന്മകളിലേ
ക്ക് ചായുന്നതിനും ഇടയായതിനാൽ യൗവനപ്രായ
ത്തിൽ അവരെ നിയന്ത്രിക്കുന്നതിനു ആളില്ലാതെ
തിന്മയിൽ വളർന്നു നശിച്ചുപോയി.

44. ചിലർ ദുരാശകളെ അമർത്തുന്നും പ
രീക്ഷകളെ ജയിക്കുന്നും ഉള്ള നല്ല പോംവഴിക
ൾ അറിയാൻ പാടില്ലാതിരുന്നതിനാലും, വേദോപ
ദേശം, പ്രസംഗങ്ങൾ, ഭക്തകൃത്യങ്ങൾ ആദിയായ
വയിൽ ഒട്ടും ശ്രദ്ധപതിക്കാതിരുന്നതുകൊണ്ടും മൃഗ
ത്തെപ്പോലെ ജീവിച്ചു തങ്ങളെത്തന്നെയും മറ്റ
നേകം നല്ല ആത്മാക്കളേയും നരകത്തിനിര
യാക്കി.

45. അനേകം ആത്മാക്കൾ സ്വന്ത ഭവന
ത്തിലും അയൽവീടുകളിലും വേലചെയ്യുന്ന ദാസ
ന്മാരോടും ദാസികളോടും ഉണ്ടായ അമിതമായ അ
ടുപ്പവും സ്വാഭാവിക സ്നേഹവും മൂലം ഭയങ്കരനാശ

ത്തിൻവീണുപോയി. ഇങ്ങിനെ നല്ല കൂട്ടംബങ്ങൾ അന്യരുടെ പരിഹാസവിഷയങ്ങളായിത്തീർന്നു.

46. മാതാപിതാക്കന്മാരുടെ അറിവില്ലായ്മയും ഭക്ഷിക്കുറവും അവിവേകവും ദുസ്സഹങ്ങളും, ധൈര്യക്കുറവും, അതിവാത്സല്യവും മൂലം സംഖ്യാതീതമായ ആത്മാക്കൾ തങ്ങളുടെ ശുദ്ധത എന്ന പുണ്യം നഷ്ടപ്പെട്ടുത്തി.

47. അവർ തങ്ങളുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കാൻവേണ്ടി സ്വഭവനത്തിൽ അന്യരെ രാത്രിതാമസിപ്പിച്ചതുകൊണ്ടു കുട്ടികൾ അശുദ്ധിയിലും ആത്മനാശത്തിലും ഉൾപ്പെട്ടുവാനും നല്ല ക്രിസ്തീയകുടുംബങ്ങൾ വഷളായി ദൈവശാപം ഏൽക്കുന്നതിനും ഇടയായിട്ടുണ്ട്.

48. ശരീരത്തെ ശരിയായി മറയ്ക്കാത്ത വസ്ത്രധാരണംമൂലം അശുദ്ധ പരീക്ഷ ഉണ്ടാകുന്നതിനും ആത്മനാശം വരുന്നതിനും ഇടയായവരുടെ സംഖ്യ ഒട്ടും കുറവല്ല.

49. മനുഷ്യബുദ്ധിയുള്ള ആർക്കും അറപ്പുവരുത്തുന്ന അശുദ്ധകാര്യങ്ങളേപ്പറ്റി ഭയവും ലജ്ജയുമില്ലാതെ സംസാരിച്ചതിനാലും അങ്ങിനെയുള്ള സംസാരങ്ങളിലേക്കു ആകർഷിക്കപ്പെട്ടു അവ ശ്രദ്ധിച്ചുകേട്ടതിനാലും പൈശാചികവലയിൽ ഉൾപ്പെട്ട ആത്മാക്കൾക്കു് സംഖ്യയില്ല. ഇപ്രകാരം വിവരിച്ചാൽ തീരാത്ത പ്രകാരത്തിൽ ശുദ്ധത എന്ന പുണ്യത്തിനു നഷ്ടംവന്നീട്ടുള്ളതും, മേലിലും വരാൻ പാടുള്ളതുമാകയാൽ സിംഹംപോലെ അലറി ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു ചുറ്റി സഞ്ചരിക്കുന്ന നരകശത്രുവിന്റെ വലയിൽ വീഴാതിരിക്കാൻവേണ്ടി എല്ലാവരും സദാ ഉണർന്നിരുന്നു പ്രാർത്ഥിക്ക

യും, അപകടങ്ങളിൽനിന്നു അകന്നിരിക്കയും ചെയ്യേണ്ടതു് അത്യാവശ്യമാണു്.

50. ഇതിനാൽ ചീത്തപുസ്തകങ്ങൾ വായിക്കാൻ കുട്ടികൾക്കു് ഒരിക്കലും അനുമതി നൽകേണ്ടതല്ല. ചീത്തപുസ്തകങ്ങൾ വീട്ടിൽ സൂക്ഷിക്കുന്നതുതന്നെ പലർക്കു് ആത്മനാശത്തിനു കാരണമാകുന്നു. അൻപതിനായിരം നാണയങ്ങൾ വില വരുന്ന പുസ്തകങ്ങൾ അവയുടെ ഉടമസ്ഥന്മാർ സ്വന്തമനസ്സാലെ കൊണ്ടുവന്നു തീയിലിട്ടു ദഹിപ്പിച്ചുകളഞ്ഞതായി ശ്രീമഹന്മാരുടെ നടപടി പുസ്തകത്തിൽ ഫൻ–ം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു് മാതാപിതാക്കന്മാർക്കു് ഒരു നല്ലമാതൃകയാണു്.

51. അപ്രകാരം തന്നെ ചീത്ത പടങ്ങളും പ്രദർശനങ്ങളും കുട്ടികളുടെ ദൃഷ്ടിയിൽ പെടുവാൻ ഇടയാക്കരുതു്. വല്ലപാഠപുസ്തകങ്ങളിലും ചീത്ത പടങ്ങൾ ഉണ്ടെങ്കിൽ അതു കീറിയോ മായിച്ചോ കളയണം. ഏതെങ്കിലും നല്ലപുസ്തകങ്ങളിൽ കുട്ടികൾക്കു ഉപയുണ്ടാകത്തക്ക വല്ല സംഗതികളും ഉണ്ടെങ്കിൽ ആ പുസ്തകം കുട്ടികളെക്കൊണ്ടു വായിപ്പിക്കേണ്ടതല്ല.

52. വൈദ്യശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, ശസ്ത്രക്രിയ മുതലായ പുസ്തകങ്ങൾ വേണ്ട ശ്രദ്ധ കൂടാതെ വീട്ടിൽ സൂക്ഷിക്കുന്നതു വലിയ തെറ്റാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങൾ വായിച്ചു അസംഖ്യംപേർക്കും അനാവശ്യമായതും അവരുടെ ജീവിതസ്ഥിതിക്കു് ഒട്ടും യോജിക്കാത്തതുമായ അറിവു് ലഭിക്കുന്നതിനും തൽമൂലം അനവധി അശ്രദ്ധ വിചാരങ്ങളും പരീക്ഷകളും നിയന്ത്രിക്കാൻ പാടില്ലാത്ത അശ്രദ്ധ ചാച്ചിലുകളും, മനസ്സിടിവും ആത്മനാശവും

ഉണ്ടാകുന്നതിനും ഇടയായിട്ടുണ്ട്. ഇവ സ്വന്ത സൂക്ഷ്മദൃഷ്ടിമൂലം ഉണ്ടാകുന്ന പരീക്ഷകളാകയാൽ ദൈവസഹായം കുറഞ്ഞിരിക്കും. അപകടത്തെ സ്നേഹിക്കുന്നവൻ അതിൽ നശിക്കും എന്നാണ് പ്രമാദകരമായതുമുതൽ അരുളിച്ചെയ്തിരിക്കുന്നതു്.

(ഈശോ ബർസീ. നം. ൧൬,)

53. പ്രോട്ടസ്റ്റാൻമുകാർ, യാക്കോബായക്കാർ, ഹിന്തുക്കൾ, മഹമ്മദീയർ, ആദിയായ അന്യ മതസ്ഥരോടുകൂടെയുള്ള സംസർഗ്ഗം പലപ്പോഴും വലിയ തിന്മകൾക്കും ചിലർ മതം ഉപേക്ഷിക്കുന്നതിനുകൂടെയും കാരണമായിട്ടുണ്ട്. അതുകയാൽ ഇവർ നല്ലവരെന്നു തോന്നിയാലും അനാവശ്യമായ സംസർഗ്ഗവും സഖിത്വവും ഉണ്ടാകാൻ ഇടയാക്കേണ്ടതല്ല. അവരുടെ സ്കൂളുകളിൽ കുട്ടികളെ വിടേണ്ടതുമല്ല.

54. സൽസ്വഭാവികളും ഭക്തന്മാരുമായ കുട്ടികൾ തമ്മിൽ ആദ്യം നല്ല കളങ്കമില്ലാത്ത സ്നേഹം തുടങ്ങുകയും പിന്നീട് അതു സ്വാഭാവികമായി പകരുകയും കുറെ കഴിയുമ്പോൾ പിശാചുക്കൂടെ സഹായിച്ചു് ഈ സ്നേഹം ഐന്ദ്രികവും ലൈഗ്ഭവും ആക്കിതീർക്കും, അവർ അറിയാതെ തന്നെ ഹീനമായ സ്നേഹം അവരുടെ ഹൃദയങ്ങളെ വഷളാക്കുകയും തമ്മിൽ പിരിയാൻ പാടില്ലാത്തവണ്ണവും ഒരുമ്മയിൽനിന്നു മാറാത്തവണ്ണവും ആയിത്തീരുകയും ഭക്തിയും ദൈവഭയവുംപോയി ആത്മനാശങ്ങൾക്കുടെ ഉൾപ്പെട്ടുന്നതിനിടയാകയും ചെയ്യുന്നുണ്ട്.

55. അന്യരിൽനിന്നു കുട്ടികൾക്കു നേരിടുന്ന എല്ലാ അനുഭവങ്ങളും അവരുടെ സംസാരങ്ങളും, പ്രവൃത്തികളും, ചോദ്യങ്ങളും മറ്റിതുപോലെയുള്ള എല്ലാ രഹസ്യങ്ങളും തങ്ങളോടു വിവരമായി

പറഞ്ഞറിയിക്കുന്നതിനു കുട്ടികളുടെ മാതാപിതാക്കന്മാരോ മൂത്ത സഹോദരീസഹോദരന്മാരോ സ്നേഹത്തോടും വിവേകത്തോടുംകൂടെ അവരെ മനസ്സാക്കുന്നതു അപകടങ്ങളിൽനിന്നു അവരെ രക്ഷിക്കുന്നതിനു് ഏറ്റവും നല്ല വഴിയാകുന്നു. എന്നാൽ കാണുന്നവരോടെല്ലാം ഇവ പറയുന്നതു തെറ്റാകുന്നു.

56. കുമ്പസാരക്കാരനോടു് ദൈവസ്ഥാനത്തിലിരിക്കുന്ന ആളിനോടെന്നപോലെ മേല്പറഞ്ഞ സംഗതികൾ അറിയിച്ചു ഗുണദോഷം കേൾക്കുന്നതു എല്ലായ്പോഴും ഏറ്റവും നല്ലതും ഒരപകടമില്ലാത്തതുമായ പോംവഴിയാകുന്നു.

57. തള്ളമാർ പള്ളിയിലും മറ്റുംപോകുമ്പോൾ കുട്ടികളെ ഭക്തിയില്ലാത്തവരോ അസന്മാർഗികളോ ആയ ആളുകളെ പ്രത്യേകം അങ്ങിനെയുള്ള ദാസന്മാരെ ഏൽപ്പിച്ചുകൊണ്ടു പോകേണ്ടതല്ല. അനേകർ ഇതിൽ നിന്നുണ്ടാകുന്ന തിന്മ അറിയാത്തതിനാൽ ഇതിൽ ശ്രദ്ധപതിക്കുന്നില്ല. പക്ഷെ ദൈവ സന്നിധിയിൽ അവർ ശരിയായി കണക്കുകൊടുക്കുവാൻ നിർബന്ധപ്പെട്ടും.

58. വേലക്കാരോടും സ്വഭാവമഹത്വം ഇല്ലാത്തവരോടും കുട്ടികൾ ഇടപെടുന്നതും കളിക്കുന്നതും അനുവദിക്കേണ്ടതല്ല. അവരോടുകൂടെയുള്ള സംസർഗ്ഗം മൂലം കുട്ടിയുടെ മഹത്വം നഷ്ടപ്പെട്ടു് കുട്ടികളുടെ സ്വഭാവം ഹീനമായി തീരുന്നതാണ്.

59. സ്കൂൾ, വീട്ടിൽ നിന്നു അധികം അകലെയല്ലെങ്കിൽ മാതാപിതാക്കന്മാർ കുട്ടികളെ വീട്ടിൽ തന്നെ താമസിപ്പിച്ചുകൊണ്ടു് സ്കൂളിൽ വിട്ടു് പഠിപ്പിക്കണം.

60. പ്രായം വരാത്ത കുട്ടികളെ സൂക്ഷ്മം ക്ര

ടാതെ അന്യസ്ഥലങ്ങളിൽ വിട്ടന്നതു നന്നല്ല. പ്രായം വന്നവർ തന്നെ അയാലും വിദ്യാഭ്യാസത്തിനായി സംബന്ധികളുടെ വീട്ടിൽ താമസിക്കുവാൻ അനുവദിക്കുന്നതായാൽ അവർ എളുപ്പത്തിൽ ദുസ്സ്വഭാവികളായി പോകും. എന്തുകൊണ്ടെന്നാൽ മാതാപിതാക്കന്മാരേപ്പോലെയുള്ള ശ്രദ്ധ സംബന്ധികൾക്കുണ്ടാകയില്ല. മാതാപിതാക്കന്മാരെ ഭയപ്പെടുന്നതുപോലെ കുട്ടികൾ സാധാരണമായി സംബന്ധികളെ ഭയപ്പെടുകയില്ല. എന്നു മാത്രമല്ല, മാതാപിതാക്കന്മാരെപ്പോലെ കുട്ടികളെ ശിക്ഷിക്കുവാനുള്ള ധൈര്യം സംബന്ധികൾക്കുണ്ടാകുന്നതുമല്ലല്ലോ. എന്നാൽ കുട്ടികളെ ശിക്ഷിച്ചു വളർത്താതിരുന്നാൽ അവർ തിന്മയിലേക്ക് ചാഞ്ഞുപോകും.

61. അതുകയാൽ നല്ലക്രമത്തോടും സൂക്ഷ്മത്തോടും ക്രിസ്തീയഭക്തിയിലും ഉത്സാഹത്തോടുകൂടി തെയും കുട്ടികളെ വളർത്തുന്ന ബോർഡിങ്ങുകൾ അന്വേഷിച്ചു അവയിലെ അദ്ധ്യക്ഷന്മാരുമായി വേണ്ട ശട്ടംകെട്ടുകൾ ചെയ്തുകൊണ്ടു കുട്ടികളെ വിടണം. ഇടയ്ക്കിടെ അവരുടെ നടപടികളേയും വിദ്യാഭ്യാസരീതിയേയും പണം ചിലവിടുന്ന വിധത്തേയും അദ്ധ്യക്ഷന്മാരോടും മറ്റുമുള്ള അനുസരണയേയും പറ്റി വേണ്ട അന്വേഷണം നടത്തുകയും വേണം.

62. ഈ കാര്യത്തിൽ കുറെ പണച്ചിലവുവരുന്നതു ഒരു നഷ്ടമായി അറിയുകയുണ്ടായതല്ല. പണത്തിന്മേൽ എന്നതിനേക്കാൾ കുട്ടികളുടെ നല്ല വളർത്തലിന്മേലാണ് അധികശ്രദ്ധപതിക്കേണ്ടതു്.

63. കുട്ടികളുടെ നല്ല വളർത്തലിന്മേൽ വിചാരമില്ലാതെ ഇഷ്ടംപോലെ വളരാൻ അവക്ക്

അനുവദിച്ചുകൊണ്ടു ദ്രവ്യം സമ്പാദിക്കാൻ പോകുന്ന അപ്പൻ തന്റെ കണ്ണടയുന്നതിനു മുമ്പ് തന്നെ ആ ദ്രവ്യത്തിന്റെയും കുട്ടികളുടെയും നാശം ഓർത്തു കണ്ണുനീർ ചിന്തുവാൻ ഇടയാകും.

64. തിരുസഭ മുഴുവന്റേയും തലവനും ഭൂമിയിൽ നമ്മുടെ കർത്താവിന്റെ വികാരിയും ആയ പരിശുദ്ധ പിതാവിന്റെ ഉപദേശം അനുസരിച്ചു കുട്ടികളുടെ വസ്ത്രധാരണത്തിൽ മാതാപിതാക്കന്മാർ പ്രത്യേക ശ്രദ്ധ പതിക്കണം. ശരീരം ശരിയായി മറയ്ക്കാത്തതും അടക്കത്തിനു ഒട്ടും യോജിക്കാത്തതുമായ വസ്ത്രധാരണ രീതി ക്രിസ്തീയ അരൂപിക്ക് ചേരുകയില്ലെന്നുമാത്രമല്ല അനേകം ആത്മാക്കളുടെ നാശത്തിനും ദൈവശാപത്തിനും കാരണവുമാകുന്നു. അതുകൊണ്ട് കുട്ടികളുടെ വസ്ത്രധാരണത്തിൽ പൈശാചിക പരിഷ്കാരം അനുകരിക്കാതെ, ക്രിസ്തീയ അരൂപി മുൻനിറുത്തികൊണ്ടും, ശുദ്ധത എന്ന പുണ്യത്തിനുണ്ടാകാവുന്ന അപകടങ്ങൾ ഒഴിവാക്കികൊണ്ടും, അവരെ ശരിയായ രീതിയിൽ വസ്ത്രം ധരിപ്പിക്കേണ്ടതും പ്രത്യേകം ദേവാലയത്തിലും പൈതിലുകളുടെപക്കലും പെൺകുട്ടികൾ ഉചിതമായിവസ്ത്രം ധരിച്ചുകൊണ്ടും തലമൂടിക്കൊണ്ടും മാത്രം പോകുന്നതിനു അവരെ തയ്യാറാക്കേണ്ടതും മാതാപിതാക്കന്മാരുടെ വലിയ കടമകളിൽ ഒന്നാകുന്നു.

III.

അശുദ്ധിമൂലം ഉളവാകുന്ന തിന്മകൾ.

1. മനുഷ്യർ തങ്ങളുടെ ആത്മശരീര നേത്രങ്ങളെ ഒന്നു തുറന്നു നോക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മാലാഖാമാരിൽനിന്നു സ്വല്പം മാത്രം താണിരിക്കുന്ന അവരുടെ ശ്രേഷ്ഠത അവർ അവഗണിച്ചുകളയുന്നതു് എത്ര പ്രലപനീയം.

2. ദൈവം അവരുടെ ആത്മശരീരങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന സൗരഭ്യം നിറഞ്ഞ ലീലിപുഷ്പമായ ശുദ്ധതയെ ശരിയായി സംരക്ഷിക്കുന്നവക്കു് ഇഹത്തിലും പരത്തിലും താൻ നൽകാനിരിക്കുന്ന സമ്മാനങ്ങളെ മറന്നുകൊണ്ടു തങ്ങളെ മൃഗത്തോടു തുല്യരാക്കി താഴ്ത്തിക്കളയുന്നതും, നിസ്സാരങ്ങളും ക്ഷണഭംഗുരങ്ങളുമായ സന്തോഷങ്ങൾക്കും ലാഭങ്ങൾക്കുമായി അനിതരഭാഗ്യങ്ങളേയും നിത്യായുസ്സിനെത്തന്നെയും നഷ്ടപ്പെടുത്തുന്നതും എത്ര വലിയ ബുദ്ധിഹീനതയാകുന്നു!

3. ദൈവത്തിന്റെ ഒരു പുത്രനും സ്വർഗ്ഗത്തിന്റെ അവകാശികളും പരിശുദ്ധാത്മപിയുടെ ആലയങ്ങളും മിശിഹായുടെ അവയവങ്ങളും ആയ മനുഷ്യർ നിത്യഭാഗ്യത്തിനായി ദൈവം അവരെ സൃഷ്ടിച്ചതും നിത്യനാശത്തിൽ നിന്നു രക്ഷിക്കാനും ബലക്ഷയത്തിലും ശത്രുക്കളോടുള്ള യുദ്ധത്തിലും ശക്തി നൽകുവാനുംവേണ്ടി ദൈവപുത്രൻ മനുഷ്യാവതാരംചെയ്തു ക്രൂശിൽ മരിച്ചതും ആത്മീയപോഷണത്തിനായി തന്റെ തിരുശ്ശരീരവും രക്തവും തന്നെ വി. കുർബ്ബാനയിൽ നൽകിയതും വിസ്മരിച്ചു

ധൂളിമാൻ മകനെപ്പോലെ പന്നികളുടെ ഭക്ഷണ സാധനങ്ങൾക്കു തുല്യമായ അശുദ്ധിയിൽ തൃപ്തി കണ്ടെത്താൻ ശ്രമിക്കുന്നതു നീചനീചമായ നന്ദി ഹീനതയല്ലാതെ മറെന്താണ്? ഓ! ഈ ക്ലേശരുടെ നിഭാഗ്യാവസ്ഥ പരിതാപകരംതന്നെ. ഇഹത്തി ലും പരത്തിലും അവക്കു നിഭാഗ്യം.

4. അവരുടെ ബുദ്ധി ക്ഷയിച്ചുപോകുന്നു. ആത്മീയ നേത്രങ്ങൾക്ക് കാഴ്ചയില്ലാതാകുന്നു.

5. ദൈവത്തോടു വീണ്ടും അടുക്കാൻ വിഷമ മാകത്തക്കവണ്ണം അത്ര അധികം തന്നിൽ നിന്ന് അകന്നുപോകുന്നു. ദൈവീക കാഴ്ചകളിലും ദൈവ സ്മരണയിലും ഒരു രുചിയുമില്ലാതായി തീരുന്നു.

6. അശുദ്ധ മനസ്സിൽ യഥാർത്ഥമായ മനസ്താ പം ഉണ്ടാകുന്നും നിലനില്പാനും വിഷമമുള്ളതി നാൽ ഈ സ്ഥിതിക്കാർ ദൈവത്തിലേക്ക് ദുർല്ലഭ മായിട്ടുമാത്രം പിന്തിരിയുന്നു.

7. അവർ ഏതു സ്ഥിതിയിൽ ഇരിക്കേണ്ടവ രാണെന്നും എവിടെ ചെന്നത്തേണ്ടവരാണെന്നും ഓ ർക്കുന്നില്ല. മോക്ഷഭാഗ്യത്തിന്റെയോ നരകശിക്ഷ യുടെയോ ചിന്തകൊണ്ടു അവരുടെ ഉള്ളിൽ ഒരി ളക്കംപോലും ഉണ്ടാകുന്നുമില്ല. സ്വർഗ്ഗീയ കാഴ്ചക ളെപ്പറ്റി ചിന്തിക്കാൻ ഒരു താല്പര്യവും ഇല്ല.

8. പച്ചനിറമുള്ള കണ്ണാടിയിൽ കൂടെ നോ ക്കുമ്പോൾ കാണുന്ന വസ്തുക്കളിലെല്ലാം പച്ചനിറം ദർശിക്കുന്നതുപോലെ അശുദ്ധ മനസ്ഥിതിയുള്ളവർ എത്ര നല്ല കാഴ്ചയിൽനിന്നും കേൾവിയിൽനിന്നും അശുദ്ധി രസിക്കുന്നു. ഹൃദയം അശുദ്ധമായിരിക്കു ന്നവക്ക് സമസ്തവും അശുദ്ധംതന്നെ എന്ന് ശ്ലീഹാ അരുളിച്ചെയ്യുന്നു.

9. അവർ പിശാചിന്റെ കളിപ്പന്തുപോലെ ആയിത്തീർന്ന് അവന്റെ എല്ലാ പരീക്ഷകൾക്കും സമ്മതം നൽകുന്നു.

10. മനഃശക്തി, സ്ഥിരത, ആലോചനാശക്തി, വിവേകം ആദിയായവ മുഴുവനായി നശിപ്പിച്ച് മൃഗത്തോടു തുല്യരെ സമമാക്കുന്നു.

11. മുൻപിൽ ബുദ്ധിമാന്മാരും നല്ലവരും വിവേകികളുമായിരുന്നവർ അശ്രദ്ധിമൂലം ബുദ്ധിഹീനരും അവിവേകികളും അപരിഷ്കൃതരും ദുഷ്ടന്മാരും വീണ്ടുമന്നവരും പകർച്ചവ്യാധി പിടിപെട്ടവരും മനുഷ്യരോടുകൂടെ സഹവസിക്കാൻ അയോഗ്യരുമായി പരിഗണിക്കപ്പെടുന്നു.

12. അവരുടെ കുടുംബത്തിന്റെ അധഃപതനമോ, ദ്രവ്യനാശമോ, മാനഹാനിയോ, ഉദ്യോഗമോ, അസാദ്ധ്യരോഗങ്ങളോ എന്നുവേണ്ടാ ആത്മനാശംപോലുമോ അവരുടെ മനസ്സിനെ ഇളക്കാൻ പര്യാപ്തങ്ങളല്ല. മദ്യപാനവും മഹോദരവും തീരാത്ത ആശ ജനിപ്പിക്കുന്നതുപോലെതന്നെ അശ്രദ്ധയിലും സംഭവിക്കുന്നു.

13. ആരംഭത്തിൽ ഉണ്ടാകുന്ന മനസാക്ഷിക്കുടി പിന്നീട് ഇല്ലാതായിപ്പോകുന്നു.

14. ഈ വിധം ഹൃദയം വഷളായിത്തീരുമ്പോൾ ദൈവവിശ്വാസം അതിനു നഷ്ടപ്പെടും.

15. അവർ ദൈവത്തെ ഉപദ്രവിക്കാത്ത നാഴിക ഉണ്ടാകയില്ല. പാപത്തിന്റെ കാഠിന്യം അവരുടെ ബുദ്ധിയിൽ പ്രവേശിക്കുന്നുമില്ല. എന്നാൽ അഹങ്കാരവും ക്രൂരതയും ദ്വേഷവും ഹീനമായ സ്നേഹവും മടിയും മറ്റെല്ലാ ദുർഗ്ഗുണങ്ങളും ഒന്നിനൊന്നിനു ശക്തിപ്പെടുകയും ചെയ്യും.

16. ഇങ്ങിനെ ദൈവവും മനുഷ്യരും തെറ്റുന്ന ഒരു സ്ഥിതിയിൽ ചെന്നെത്തിക്കഴിയുമ്പോൾ അവർ ചെയ്യാൻ സമ്മതിക്കാത്ത തിന്മയില്ല. ദൈവഭീതിയെയും ലജ്ജയെയും ഇല്ലാതെ, വെറിപിടിച്ച മൃഗങ്ങളെപ്പോലെ ആയി നിത്യനിഭാഗൃത്തിലേക്ക് ധൃതഗതിയിൽ ഓടുന്ന ഇവരുടെ യഥാർത്ഥ സ്ഥിതി വർണ്ണിക്കാവതല്ല.

17. ഇപ്രകാരം ചിലർ തങ്ങളുടെ കുടുംബവും സ്വദേശവും ഉപേക്ഷിച്ചു. ചിലർ ദൈവത്തേയും സത്യവേദത്തേയും പരിത്യജിച്ചു. ചിലർ ഭയങ്കര കുലപാതകങ്ങൾ ചെയ്യാൻ മടിച്ചില്ല. വേറെ ചിലർ സത്യസഭയോട് മൂർദ്ധന്യനിന്നു യുദ്ധം ചെയ്യുകയും അനേകായിരം ആത്മാക്കളെ നാശത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

18. ഇതിനു് ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി, ലൂതർ, മഹമ്മദ് ആദിയായവർ സുപ്രസിദ്ധ ദൃഷ്ടാന്തങ്ങളാണു്.

19. എല്ലാ ജീവിതസ്ഥിതിക്കാരിൽ നിന്നും അനേകംപേർ സത്യവേദം ഉപേക്ഷിക്കുന്നതിനും കാരണം ചെറുപ്പത്തിൽ ഈ ദുർഗുണത്തെ അമർത്താതെ അധികസ്വാതന്ത്ര്യത്തോടുകൂടെ നടക്കയാൽ മൃഗതുല്യരായി ജീവിച്ചുവന്നു് ഒടുവിൽ ഭ്രാന്തുപിടിച്ചവരെപ്പോലെ ബുദ്ധിഹീനതയിൽ ചെന്നെത്തിയതുതന്നെ ആയിരുന്നു.

20. സാമുദായികജീവിതത്തിൽ അത്യാവശ്യമായ സൌമൃത, സുശീലം, സാവധാനശീലം, ജനരഞ്ജന, ദയ ആദിയായ സൽഗുണങ്ങളെല്ലാം അനേകർക്കു നഷ്ടപ്പെട്ടു് അവയ്ക്കു പകരം അവിശ്വാസം ദുഃഖം, മനസ്സിടിവു്, ഇരുണ്ട മുഖം, ക്രൂരത, എന്നി

വ അവക്കും സന്തതികൾക്കും ചിലപ്പോൾ മൂന്നും നാലും തലമുറകൾവരെ നിലനിൽക്കത്തക്കവണ്ണം ദൈവം അവരെ ശിക്ഷിച്ചതും ശിക്ഷിക്കുന്നതും അശുദ്ധിമൂലംതന്നെ.

21. മാനൃന്മാരെന്ന പലരും കരുതിയിരുന്ന അസംഖ്യംപേർ തങ്ങളുടെ കുടുംബസ്വത്തും, ഉൽകൃഷ്ടതയും, ശരീരസുഖവും, ദീർഘായുസ്സും സൌന്ദര്യവും നഷ്ടപ്പെടുത്തി കുഷ്ഠരോഗികളും മ്ലേഛന്മാരും ദുർബലരും ശരണം കെട്ടവരും വികൃതരൂപികളും കോപിഷ്ടന്മാരും അയിത്തക്കാരുമായും അവരുടെ സന്താനങ്ങൾ അംഗഭംഗമുള്ളവരും രോഗികളും വികൃതന്മാരും സാമുദായിക ജീവിതത്തിനും കുത്യനിർവ്വഹണത്തിനും അപ്രാപ്തരും അശുദ്ധന്മാരും ബുദ്ധിഹീനരും ആയികാണപ്പെട്ടവാനും ഇടയാക്കിയതും അശുദ്ധി എന്ന മഹാമാരിതന്നെ.

22. പലർ തങ്ങളുടെ ആയുസ്സിന്റെ ഒരു വലിയ ഭാഗം മനോദുഃഖത്തിൽ കഴിച്ചുകൂട്ടിയതും പലരെപേർ ക്ഷയരോഗികളായതും അശുദ്ധ ജീവിതം മൂലം സംഭവിച്ചു.

23. അസംഖ്യംപേർക്ക് കുഷ്ഠരോഗം ഉണ്ടാകുന്നതിനും മറനേകർക്ക് അതു പകരുന്നതിനും കാരണം അവരുടെ അശുദ്ധസംസർഗ്ഗമായിരുന്നു.

24. അശുദ്ധ ദുരാശയെ ജയിപ്പാനും ശുദ്ധമായി ജീവിക്കുവാനും പലരെ ആഗ്രഹിച്ചിട്ടും പല മാർഗ്ഗങ്ങൾ നോക്കിയിട്ടും വീണ്ടും വീണ്ടും വിചാരിക്കുന്ന നേരത്തു അതിലേക്കു ചാഞ്ഞുപോകയാൽ മനസ്സുടഞ്ഞും ശരണം കെട്ടും മനസ്സമാധാനം ഇല്ലാതെ വിഷമിക്കുന്ന അനേകായിരം പേരുടെ ദുസ്സഹമായ മനോവൃഥക്കു കാരണം ചെറുപ്പം മുത

ൽ അവരിലുണ്ടായിരുന്ന ചില അശുദ്ധ തഴക്കങ്ങളും അശുദ്ധന്മാരായ സഖാക്കളിൽ നിന്നുണ്ടായ ദുർമ്മാതൃകകളുമായിരുന്നു.

25. ചിലർ തങ്ങളുടെ നികൃഷ്ടാവസ്ഥ ഓർത്തു ലജ്ജിക്കുന്നു. അതിൽ നിന്നു രക്ഷപെടുവാൻ വേണ്ടി ചില പോംവഴികളും ഉപയോഗിക്കുന്നു. എന്നാൽ അശുദ്ധിമൂലം അവർക്കു മന:സ്ഥിരത ഇല്ലാതെ ആയിപ്പോയതിനാൽ വീണ്ടും പാപത്തിലേക്കു തന്നെ പിന്തിരിയുന്നു.

26. എരിയുന്ന തീയിൽ എണ്ണ ഒഴിച്ചാൽ അഗ്നി ശമിക്കയില്ല വർദ്ധിക്കയേയുള്ളൂ. അപ്രകാരംതന്നെ അശുദ്ധ ദുരാശക്കു സമ്മതം നൽകിയാൽ അതു കുറയുകയോ തൃപ്തിപ്പെടുകയോ ചെയ്യുന്നില്ല. നേരെമറിച്ച് ആ ദുരാശ ഒന്നുകൂടെ ശക്തിപ്പെടുകയും, അമർച്ചയില്ലാതായിത്തീരുകയും ചെയ്യുന്നു.

IV.

അശുദ്ധന്മാരെ ദൈവം ശിക്ഷിച്ച വിധം.

(വി. ഗ്രന്ഥത്തിൽനിന്നു്)

അശുദ്ധ പാപികളുടെ ആത്മശരീരങ്ങളിലും സാമുദായിക ജീവിതത്തിലും വന്നുകൂടുന്ന തിന്മകളെപ്പറ്റി ഇതുവരെ ചിന്തിച്ചശേഷം ദൈവം അശുദ്ധന്മാരോടു വർത്തിക്കുന്നവിധത്തെപ്പറ്റി വിചിന്തനം ചെയ്യാം.

"നിതൃസ്നേഹത്താൽ നിങ്ങളെ ഞാൻ സ്നേഹിച്ചു.,, (ഏറെമ്യ. 31. 3) എന്നും "തൻെറ ഏകകുമാ

രനെത്തന്നെ നമുക്കായി നൽകത്തക്കവണ്ണം അത്ര യധികം ദൈവം നമ്മെ സ്നേഹിച്ചു,, (യോ. 3.16) എന്നും ഉള്ള ദൈവവാക്യങ്ങളിൽ നിന്നും മനുഷ്യ സൃഷ്ടിയുടെയും രക്ഷയുടെയും പ്രവൃത്തിയിൽ പ്ര തൃക്ഷമാകുന്ന സീമാതീതമായ സ്നേഹപരിപാലന യിൽ നിന്നും മനുഷ്യകുലത്തോട് ദൈവത്തിനുള്ള സ്നേഹം എത്ര വലുതാണെന്ന് ഗ്രഹിക്കാൻ സാ ധിക്കും.

1. ഈ സ്നേഹനിധിയായ ദൈവം മനുഷ്യ കുലത്തെ ജലപ്രളയത്താൽ കഠിനമായി ശിക്ഷി ച്ചു. ഇതിന്റെ പ്രധാനകാരണം അവരുടെ അ ശുദ്ധജീവിതമായിരുന്നു.

2. സ്സോം, ആമോറാ എന്ന പട്ടണങ്ങളിന്മേൽ ദൈവം ആകാശത്തിൽ നിന്നു തീയും ഗന്ധകവും ഇറക്കുന്നതിനും ഈ പട്ടണങ്ങളേയും മൈതാന ങ്ങളേയും തല്ദേശവാസികളേയും നിലത്തെ സസ്യ ങ്ങളേക്കുടെയും നശിപ്പിച്ചുകളയുന്നതിനും അവ യുടെ ആസ്ഥാനഭൂമി അത്യധികമായി താണ് ദൃ ഷ്ടിച്ച് ഉഗ്രന്ധം പുറപ്പെടുവിക്കുന്നതിനും, കൊഴ ത്തതും ഉപ്പു നിറഞ്ഞതുമായ വെള്ളത്തിൽ മുങ്ങി പ്പോകുന്നതിനും, ഇന്നും അതു കാതം ദൂരെയോളം ചാരമയമായ മരുഭൂമിയായികിടന്ന കാണികളേ വക്കും ദൈവഭയമുണ്ടാക്കുന്നതിനും ഇടയാക്കിയത് തല്ദേശവാസികളുടെ അശുദ്ധ പാപമല്ലാതെ മ റൊന്നുമല്ലായിരുന്നു.

3. യാക്കോബിനേയും അയാളുടെ മക്കളേയും ദൈവം അതിയായി സ്നേഹിച്ചിരുന്നുവെങ്കിലും, അ വന്റെ മൂത്തമകൻ രൂബേൽ ശപിക്കപ്പെട്ടുപോകു

ന്നതിനുള്ള കാരണം അവൻ ചെയ്യ അശുദ്ധ പാപം തന്നെയായിരുന്നു.

4. യാക്കോബിന്റെ മകൻ ഓനാനെ ദൈവം കൊല്ലുന്നതിനു കാരണവും അശുദ്ധിതന്നെ.
(സൃഷ്ടി. 38. 16.)

5. ഇസ്രായേലിൽനിന്ന് ഒരിക്കൽ 24000-ത്തിൽ അധികംപേരെ ദൈവം നശിപ്പിച്ചുകളഞ്ഞതിനു കാരണം "സാത്തീമി"ൽവച്ച് അവർ അശുദ്ധിയിലേയ്ക്ക് ചാഞ്ഞു ദൈവത്തെ ഉപേക്ഷിച്ചതായിരുന്നു. (സംഖ്യ. 25.)

6. ജനപ്രധാനികളെയെല്ലാം പിടിച്ച്, ഇസ്രായേലിനോടുള്ള ദൈവകോപം ശമിക്കുന്നതുവരെ, മരത്തിന്മേൽ കെട്ടി സൂര്യന്റെ നേരെ തൂക്കി നിർത്തുവാൻ ദൈവം മൂശയോട് കല്പിച്ചതും അശുദ്ധ പാപം നിമിത്തമായിരുന്നു.

7. അശുദ്ധ പാപത്തിൽതന്നെ രണ്ടുപേരെ വാളുകൊണ്ട് കുത്തിക്കൊന്ന പിൻഹെസ്സിന്റെ ദൈവിക ശുഷ്കാന്തിയെ ദൈവം ശ്ലാഘിച്ച് സമ്മാനിച്ചതും അശുദ്ധിമേൽ ദൈവത്തിനുള്ള ദ്വേഷത്തെ കാണിക്കുന്നു.

8. ഏലി എന്ന വൃദ്ധൻ മക്കളിൽ ചിലർ ദുർമ്മാർഗ്ഗികളായി അശുദ്ധിയിൽ വളർന്നുവരുന്നുഎന്ന് അയൽക്കാരിൽനിന്നു ശ്രവിച്ചെങ്കിലും അവരെ വേണ്ടവിധം ശിക്ഷിക്കയും ശാസിക്കയും അപകടത്തിൽനിന്നകറ്റി രക്ഷിക്കയും ചെയ്വാൻ ഉപേക്ഷ കാണിച്ചതിനാൽ ദൈവശിക്ഷ വരികയും 30000 ആളുകളും ഏലിയുടെ മക്കളും നശിക്കയും ഇതുകേട്ടപ്പോൾ ഏലിയും പെട്ടെന്ന് മറിഞ്ഞുവീണു മരിക്കയും ചെയ്തു.

9. ദാവീദ് തന്റെ മകൻ ഹമ്നോന്റെ ദുരാശ ബുദ്ധിപൂർവ്വം ഗ്രഹിച്ചു് അവനെ ശിക്ഷിക്കാതെ മകന്റെ ആഗ്രഹംപോലെ പ്രവർത്തിച്ചതിനാലും, അവനെ അധികം വിശ്വസിച്ചതിനാലും, മകൻ ഭയങ്കരമായ അശുദ്ധിയിൽ ഉൾപ്പെട്ടതിനു് ഇടയാകയും കൊല്ലപ്പെടുകയുംചെയ്തു.

10. അനേകംപേർ ഇടിയേറും മറ്റു പലർ തീയിൽ പെട്ടും അസംഖ്യംപേർ വാളാലെയും, വെള്ളത്തിലും ദുർമ്മരണം മരിച്ചു് നിത്യമായി നശിക്കുന്നതിനും കാരണം അവരുടെ അശുദ്ധ പാപം ഉളവാക്കിയ ദൈവകോപമാകുന്നു.

V.

ശുദ്ധതയ്ക്കു ഹാനി ഭവിക്കാതിരിപ്പാൻ ഉപയോഗിക്കേണ്ട പോംവഴികൾ.

മനുഷ്യന്റെ ചുറ്റിലും ഉള്ളിലും അനേകം ശത്രുക്കൾ നിന്നുകൊണ്ടു നശിപ്പിച്ചുകളയാനായി ശ്രമിക്കുന്ന അമൂല്യ നിക്ഷേപമായ ശുദ്ധത നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചു സ്വർഗ്ഗത്തിൽ അതിനുള്ള നിത്യസമ്മാനം പ്രാപിക്കുവാൻവേണ്ടി ഉപയോഗിക്കേണ്ട ചില പോംവഴികൾക്രമേ എല്ലാ മനുഷ്യരേയും ഉദ്ദേശിച്ചു താഴെ ചേർക്കുന്നു. ഇവ എല്ലാവരും നൽമനസ്സോടുകൂടെ ഉപയോഗപ്പെടുത്തുകയും മാതാപിതാക്കന്മാരും മറ്റധികൃതരും കുട്ടികളെ ശൈശവംമുതൽ അവരുടെ പ്രാപിക്കുന്നതുവരെ ഇവ അഭ്യസിപ്പിക്കയും ചെയ്താൽ നമ്മുടെ ക

ത്മാവിനെ ആകർഷിക്കയും സപ്തർഷിമാസികളെ ആനന്ദിപ്പിക്കയും ചെയ്യുന്ന ശുദ്ധത എന്ന ലീലിപുഷ്പം ഭൂമുഖത്തു ധാരാളമായി തഴച്ചുവളർന്നുവരികയും നരകത്തിൽനിന്നു അനവധി ആത്മാക്കൾ രക്ഷപെടുകയും ചെയ്യും.

ഒന്നാമത്തേ. ദൈവഭയം നമ്മുടെ ഹൃദയത്തിൽ എപ്പോഴും സൂക്ഷിക്കുക. അശുദ്ധ പാപം മറ്റുപാപങ്ങളെപ്പോലെയല്ല; അതിനു സാധനലഘുത്വം ഇല്ലാത്തതിനാൽ വളരെ ഏളുപ്പത്തിൽ ചാവുദോഷമാകും. മാത്രമല്ല, ഒരിക്കൽ നഷ്ടപ്പെട്ടുത്തിയശേഷം അതിന്റെ മുമ്പിലത്തെ പരിപൂർണ്ണാവസ്ഥയിൽ ശുദ്ധത പിന്നീടുകിട്ടുകയില്ല. അതുകയാൽ ഒരിക്കലും കേടുവരുത്തുകയില്ലാതിരിപ്പാൻ നല്ല സൂക്ഷം അത്യാവശ്യമാണ്. ദൈവം സകലത്തേയും കാണുന്നു. നമ്മുടെ ഹൃദയവികാരങ്ങൾക്രൂടെയും താൻ കാണുന്നുണ്ട്. ഏറ്റം പരിശുദ്ധനും മഹാ നീതിമാനും ആയ ദൈവത്തിരുമുമ്പാകെ മാലാഖമാർക്രൂടെ ഭയപ്പെട്ടു വിറച്ചുകൊണ്ടു നിൽക്കയിൽ ക്രിമിക്കു തുല്യനായ മനുഷ്യൻ അങ്ങേയോടു മുതലിക്കാൻ തുനിയുന്നതു് എത്ര വലിയ തെറ്റാണെന്നു ഓർക്കുക.

രണ്ടാമത്തേ. മനുഷ്യന്റെ അശുദ്ധ പാപങ്ങൾ നമ്മുടെ കർത്താവിനെ തന്റെ ആത്മാവിലും ശരീരത്തിലും അനുഭവിപ്പിച്ച കഠിനമായ പീഡകളെയും തന്റെ മരണത്തേയും ഓർത്തു ധ്യാനിക്കുക. ഈ ധ്യാനം വളരെ ഫലമുള്ളതും പരീക്ഷകളകറ്റി ദൈവസ്നേഹവും മനസ്താപവും മനുഷ്യഹൃദയത്തിൽ ഉളവാക്കുവാൻ വളരെ ശക്തിയുള്ളതുമാകുന്നു. ഇതുപോലെ ഫലവും ശക്തിയും ഉള്ള വേറൊരു പോംവഴിയും ഇല്ല എന്നാണ് വി. അഗുസ്തീനോ

സ് പറയുന്നത്. ഇതിനാൽ ബെല്ലഹമിൽ നമ്മുടെ കർത്താവ് സഹിച്ച ക്ലേശങ്ങളും മാതാപിതാക്കന്മാർ ദരിദ്രരായിരുന്നതുകൊണ്ടുണ്ടായ ക്ലേശങ്ങളും തന്നെ നാല്പതു ദിവസത്തെ നോമ്പും സൈത്തുതോട്ടത്തിൽവച്ചു സഹിച്ച കഠിനമായ മനോദുഃഖവും രക്തവിയർപ്പും ശത്രുക്കളിൽനിന്നു ലഭിച്ച ശാരീരിക പീഡകളും പ്രത്യേകമായി കുന്തംകൊടിയും മുഖത്തു തുപ്പും കൽത്തൂണിൽ കെട്ടി അടിച്ച് ശരീരം ഏകവ്രണമാക്കുകയും മരണവ്യാകുലം അനുഭവിപ്പിക്കുകയും ചെയ്ത ഭയങ്കര പീഡനങ്ങളും തലയിൽ അടിച്ചുകയറിയ മുള്ളുകളുടെ ഉഗ്രതയും ഭാരമേറിയ സ്ലീവാ ചുമന്നുകൊണ്ടും തളർന്ന് ശരീരത്തോടുകൂടെയും ഇടയ്ക്കിടെ നിലത്തുവീണും ഗാഗുൽത്താമല കയറിയതും തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുത്തപ്പോൾ നവീകരിക്കപ്പെട്ട വ്രണങ്ങളിൽനിന്നനുഭവിച്ച പീഡകളും കൈകാലുകൾ ആണികളാൽ തുളക്കപ്പെട്ടതും മൂന്നാണികളിന്മേൽ തൂങ്ങി ഉച്ചസമയത്ത് നഗ്നശരീരത്തോടുകൂടെ മലമുകളിൽ എല്ലാവരുടെയും പരിഹാസപാത്രമായി മൂന്നു മണിക്കൂർ നേരം മരണവേദന അനുഭവിച്ച് അന്ത്യശ്വാസം വലിച്ചതും തിരുഹൃദയം കുത്തിത്തുറക്കപ്പെട്ടതും ഇവകണ്ടുകൊണ്ടു നിന്നിരുന്ന പരിശുദ്ധ ദേവമാതാവ് അനുഭവിച്ച ദുസ്സഹമായ മനോവ്യാകുലങ്ങളും ഹൃദയവ്യഥയും ചിന്തിക്കുന്നേ ഒരാത്മാവിൽ അശുദ്ധ വിചാരങ്ങൾക്ക് ഇടയുണ്ടാകയില്ല.

മൂന്നാമത്. ശുദ്ധതയുടെ ഉത്തമ മാതൃകയും കന്യാസ്ത്രീകളുടെ രാജ്ഞിയുമായ ന. അമ്മ പ. കന്യാസ്ത്രീമറിയത്തിന്റെ നേരെ സ്നേഹവും ഭക്തിയും വർദ്ധിപ്പിക്കുക. സ്വന്ത ആത്മശരീരശുദ്ധത ദൈ

വമാതാവിനെ സമർപ്പിക്കയും ഈ നാഥയുടെ ദിഷ്ടം നടത്തിനും അഗ്രഹത്തിനും തക്കവണ്ണം അന്തസ്സി ൻറ്റെ ശുദ്ധത കാക്കാൻ അഗ്രഹിക്കുകയും ഇടവി ടാതെ ശ്രമിക്കയും ചെയ്യുകൊണ്ട് വിനയത്തോടും മുഴുഹൃദയത്തോടുംകൂടെ എല്ലാ ദിവസവും തൻെറ സഹായം അപേക്ഷിക്കുന്ന ഒരാത്മാവിനേയും മാതാവ് ഉപേക്ഷിക്കയില്ല. ദൈവമാതാവിൻെറ സഹായംമൂലം ശുദ്ധത കാത്തുജീവിച്ച ആത്മാക്കൾക്ക് സംഖ്യയില്ല. രാവിലെ ഉണരുമ്പോഴും രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പും മുട്ടിന്മേൽ നിന്ന് മൂന്നു "നന്മനിറഞ്ഞമറിയം" ചൊല്ലി പ്രാർത്ഥിക്കുന്നു അനേകരെ അശുദ്ധിയിൽ നിന്നു ദൈവജനനി രക്ഷിക്കുന്നുണ്ട്.

നാലാമത്തേ. അഹങ്കാരം മുഴുവനും അകറ്റി വിനിതഹൃദയത്തോടുകൂടെ എപ്പോഴും ജീവിക്കുക. വിനയമുള്ള ആത്മാവിൽ അശുദ്ധ പരീക്ഷ തീരെയുണ്ടാകയില്ല. ഉണ്ടായാൽ വളരെ എളുപ്പത്തിൽ ജയിക്കാൻ സാധിക്കുകയും ചെയ്യുന്നു. വിനീതന്മാരിലേക്ക് ദൈവം ഇറങ്ങിവരും. അഹങ്കാരികളിൽനിന്നു താൻ അകന്നുപോകും. അഹങ്കാരത്തോടുകൂടെ ശുദ്ധത വസിക്കുകയില്ല.

അഞ്ചാമത്തേ. പാപത്തിനേറെയും പരീക്ഷകളുടേയും കാരണങ്ങളിൽനിന്നു അകലുക.

അപകടത്തെ സ്നേഹിക്കുന്നവൻ അതിൽനശിക്കും എന്നാണ് റൂഹാദക്കുദശാ തന്നുരാൻ അരുളിച്ചെയ്യുന്നതു്. ഇതിനാൽ പൂവ്വ്യന്മാരേപ്പറ്റി തൻെറ ശുദ്ധതയ്ക്കു ഭംഗംവരുത്താതിരിപ്പാൻവേണ്ടി തൻെറ മേൽവസ്ത്രംകൂടെ ഇട്ടുംവച്ചു് ഓടി അകന്നു. ശോശാൻ എന്ന വിശ്വസ്ഥയായ സ്ത്രീ അപകടത്തി

ൽനിന്നു രക്ഷപെടുവാൻ വേറെ മാർഗ്ഗമില്ലെന്നു കണ്ട ഉടനെ നിലവിളിച്ചു. പി. ക്ലയീസ്, ബെക്ക്മാൻസ്, സുന്നിസ്റ്റാവോസ് മുതലായ പുണ്യവാന്മാർ ശുദ്ധതയ്ക്കു യോജിക്കാത്ത ഒരു വാക്കുപോലും കേൾക്കാതിരിക്കാൻ വളരെ സൂക്ഷിച്ചിരുന്നു. അവരുടെ പഞ്ചേന്ദ്രിയങ്ങളെ കുറ്റമില്ലാത്ത കാഴ്ചകളിൽനിന്നുകൂടെ അകറ്റിയിരുന്നു.

ഒരിക്കൽ പി. ബെർണ്ണാർദിനു ഒരു വഴിയമ്പലത്തിൽ രാത്രികഴിക്കാൻ അവശ്യപ്പെട്ടു. എല്ലാവരും നിദ്രചെയ്യുന്ന സമയത്തു ഒരു ദുഷ്ടസ്ത്രീ ഈ പുണ്യശുദ്ധന്റെ പക്കൽ അടുത്തുചെന്നു. ശുദ്ധതയെ ജീവനെക്കാൾ അധികം സ്നേഹിച്ചിരുന്ന ഈ പുണ്യവാൻ അവളുടെ വരവ് അറിഞ്ഞുകൊണ്ടു വലിയ സ്വരത്തിൽ "ഇതാ കള്ളന്മാർ വരുന്നു" എന്നു നിലവിളിച്ചു. അതുകേട്ടു അയൽമുറികളിൽ കിടന്നിരുന്നവർ ഓടിവന്നു കാര്യം ചോദിച്ചപ്പോൾ 'എന്റെ ഏറ്റം വലിയ നിക്ഷേപമായ ശുദ്ധതയെ കവർച്ചചെയ്യുന്നായി ഒരാൾ വന്നതിനാലാണ് നിലവിളിച്ചതു" എന്ന് ഈ വിശുദ്ധൻ മറുപടി പറഞ്ഞു.

നമ്മുടെ കർത്താവ് പി. മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായത്തിൽ പറയുന്നതു കേട്ടാലും:

നിന്റെ വലത്തു കണ്ണു നിന്നെ ഇടർപ്പിക്കുന്നെങ്കിൽ അതു തുരന്നെടുത്തു എറിഞ്ഞുകളയുക. എന്തുകൊണ്ടെന്നാൽ നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനേക്കാൾ ഒരവയവം മാത്രം നശിക്കുന്നതാണ് നിനക്കു നല്ലതു. (മത്താ 5. 29.)

ഇതിനാൽ നമ്മുടെ കണ്ണും കൈയും പോലെ നമുക്കു ഉപകാരം ചെയ്യുന്നും നാം സ്നേഹിക്ക

യും ചെയ്യുന്നവരായാലും, നമുക്ക് പഠനവും വീടും അന്നപാനവും തന്ന രക്ഷിക്കുന്ന ഉപകാരികളായാലും അവർ മൂലം നമുക്ക് ഉതപ്പും ആത്മനാശവും വരുന്നെന്നും ദൈവപ്രമാണം ലംഘിക്കാൻ ഇടയാകുന്നെന്ന കണ്ടാൽ, ദൈവത്തെ നഷ്ടപ്പെട്ടുത്താതിരിപ്പാനും നരകത്തിൽ നിന്ന രക്ഷപെടാനും വേണ്ടി ഇവരിൽ നിന്ന നാം അകന്ന പോകണമെന്നാണ് ഇവിടെ ഗ്രഹിക്കേണ്ടത്. കള്ളസാക്ഷി, അനീതി, വഞ്ചന, കളവ് ആദിയായവയിലും ഇപ്രകാരം തന്നെയാണ ചെയ്യേണ്ടത്. ഇന്ന അസംഖ്യം ആത്മാക്കൾ നിത്യ ശിക്ഷാവിധി ഏറ്റു നരകത്തിൽ കിടക്കുന്നതും, എണ്ണമില്ലാത്തഅശുദ്ധന്മാർ പാപത്തിൽ മുഴുകി അതിൽ നിന്ന രക്ഷപെടാൻ വളരെ അഗ്രഹിച്ചിട്ടും സാധിക്കാതെയിരിക്കുന്നതും പാപകാരണങ്ങളിൽനിന്ന സ്ഥിരമനസ്സോടും ഉത്സാഹത്തോടുംകൂടെ അകലാത്തതുകൊണ്ടാണ്.

ആറാമത്. തക്ക മനസ്സാപത്തോടും പാപത്തിന്മേലുള്ള യഥാർത്ഥമായ വെറുപ്പോടും അവയിൽനിന്ന രക്ഷപെടുന്നതിന്ന ഏതു പോംവഴിയും ഉപയോഗിക്കാനുള്ള ഒരുക്കത്തോടുംകൂടെ അടുക്കലടുക്കൽ നല്ല കുമ്പസാരം കഴിക്കുക.

കുമ്പസാരത്തിൽ പാപങ്ങൾ പറയുന്നതിന്ന പുറമെ ആത്മാവസ്ഥയും പരീക്ഷകളും അപകടങ്ങളും പാപകാരണങ്ങളും മറ്റും അറിയിച്ചു ദൈവസ്ഥാനത്തിലിരിക്കുന്ന ആത്മീയ വൈദ്യന്റെ ആലോചനകളും ഉപദേശങ്ങളും കേൾക്കുന്നതു എല്ലാവക്കും വളരെ നല്ല പോംവഴിയാകുന്ന. എന്നാൽ ചിലക്ക് ഇതു് അത്യാവശ്യവും ആയിരിക്കും.

ഏഴാമത്തു. നല്ല ഒരുക്കത്തോടുകൂടെ അടുക്കലേട്ടക്കൽ ദിവ്യകാരുണ്യം സ്വീകരിക്കുക.

ഇതിൽ നിന്നുണ്ടാകുന്ന ഫലം അവർണ്ണനീയമാണ്. ഏറ്റവും ദുർബലപ്പെട്ട അസംഖ്യം ആത്മാക്കൾ ശുദ്ധത ഭംഗം വരുത്താതെ, കാത്തുസൂക്ഷിച്ചുകൊണ്ടുപോന്നതു് അവർ അടുക്കലേട്ടക്കൽ സ്വീകരിച്ചിരുന്ന ദിവ്യകാരുണ്യത്തിന്റെ ശക്തിയാൽ മാത്രമായിരുന്നു. ശുദ്ധത എന്ന ലീലിപുഷ്പത്തിനു പറഞ്ഞിയ വളം ദിവ്യകാരുണ്യം നൽകുന്നു. അതുകൊണ്ടു തന്നെ ഒരുക്കത്തോടുകൂടെയും പാടുണ്ടെങ്കിൽ എല്ലാദിവസവും ദിവ്യകാരുണ്യം സ്വീകരിച്ചാൽ അശുദ്ധപിശാചിനെ വളരെ എളുപ്പത്തിൽ ജയിക്കാൻ സാധിക്കും. എന്നാൽ പിശാചു് ഇതറിഞ്ഞുകൊണ്ടു് നമ്മെ ഒന്നുകിൽ ദിവ്യകാരുണ്യ സ്വീകരണത്തിൽ നിന്നു അകറ്റാനോ അല്ലെങ്കിൽ ഒരുക്കം കൂടാതെ അതു ചെയ്യിക്കാനോ എപ്പോഴും ശ്രമിക്കും. മാലാഖമാരുടെ ഭോജനമായ വി. കുർബാന മനുഷ്യൻ യോഗ്യതയോടുകൂടെ ഉൾക്കൊള്ളുന്നതുകൊണ്ടു് അവൻ മാലാഖമാരേപ്പോലെ ശുദ്ധതയുള്ളവനായിതീരും. "എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവനാരോ അവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" എന്നാണ് നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു് (യോഹ: സു. 6ാ—6ം.)

എട്ടാമത്തു. തപസ്സുവഴിയായി ശരീരത്തെ അമർത്തുകയും ശരീരകാര്യങ്ങളിൽ അധികം ചിന്തയില്ലാതിരിക്കയും ചെയ്യുക.

പാമ്പിനെ മടിയിൽവെച്ചു് ലാളിക്കുന്നവനെ അതു കടിച്ചു അപായപ്പെടുത്തുന്നതുപോലെ വിഷ

സപ്പത്തേക്കാൾ വലിയ ശത്രുവായ നമ്മുടെ ശരീരത്തെ സന്തോഷിപ്പിക്കയും ലാളിക്കയും അഴകും സൗർഭ്യവും വരുത്താൻ ശ്രമിക്കയും ചെയ്യുന്നവൻ ആത്മീയവിഷം ഏറ്റു മൃതി അടയും. അകയാൽ മിതഭോജനം, ഉപവാസം, മാംസവർജ്ജനം, മധുവർജ്ജനം, ദേഹാദ്ധ്വാനം ആദിയായവയാൽ ശരീരത്തെ എപ്പോഴും സുബുദ്ധിക്കും ദൈവതിരുമനസ്സിനും കീഴ്പ്പെട്ടതണം. ഇരിപ്പു്, കിടപ്പു്, വസ്ത്രധാരണം ആദിയായവയിൽ ശരീരത്തെ സന്തോഷിപ്പിക്കാൻവേണ്ടി ഒന്നും ചെയ്യേണ്ട. അമിതമായ ഭക്ഷണപാനീയങ്ങൾ അശുദ്ധ പരീക്ഷയെ വർദ്ധിപ്പിക്കുന്നു.

ഒൻപതാമതു് അനുസരണം. നീ ദൈവത്തിനും നിന്റെ മേലധികാരികൾക്കും ശരിയായി കീഴ്വഴങ്ങാതെ മുതലിക്കുമെങ്കിൽ നിന്റെ മാംസം നിനക്കു കീഴ്വഴങ്ങുകയില്ല. "നിന്നെസ്സൃഷ്ടിച്ചവന്റെ പ്രമാണങ്ങൾ നീ ശരിയായി നിറവേറി അങ്ങേക്കു് ശുശ്രൂഷചെയ്യുക. അപ്പോൾ നിന്റെ അധമഭാഗം നിനക്കു കീഴ്വഴങ്ങും" എന്നാണു് പി. അഗുസ്തീനോസു പറയുന്നതു്. വീണ്ടും "നീ നിന്റെ ദൈവത്തിന്റെ തിരുമനസ്സിനോടു മുതലിക്കുമെങ്കിൽ നിന്റെ ദുരാശകളെ അമർത്താൻ നിനക്കു ഒരുനാളും സാധിക്കയില്ല" എന്നും ഈ വിശുദ്ധൻ പറയുന്നു. ക്രിസ്തുനുകരണവും (പു. നി. അ. ഫ്രാ.) ഇതു തന്നെ നമ്മോടുപദേശിക്കുന്നു.

പത്താമതു് പ്രാർത്ഥന. വിനയമുള്ള ഹൃദയത്തിൽനിന്നു മനോവിശ്വാസത്തോടുകൂടിയ പ്രാർത്ഥന പുറപ്പെടുന്നതായാൽ അതു ദൈവം വളരെ എളുപ്പം കേൾക്കുകയും ഏറ്റം ശക്തിയേറിയ പരീക്ഷ

കളെക്കൂടെയും അകറ്റി നമ്മെരക്ഷിക്കയുംചെയ്യും.

ഇതിനു അനേകം വിശുദ്ധന്മാർ ഉത്തമസാക്ഷികളാണ്. വി. ഈറാനീമ്മോസ് സ്വന്ത അനുഭവം നമ്മോടറിയിക്കുന്നു. ഭയങ്കരവും ഭീസ്സഹവുമായ അശുദ്ധ പരീക്ഷകളാൽ പീഡിപ്പിക്കപ്പെട്ടപ്പോൾ ഈ വിശുദ്ധൻ കണ്ണുനീർ ചിന്തിക്കൊണ്ടും ഏറ്റവും വലിയ മനോവിശ്വാസത്തോടുകൂടെയും ഈശോയുടെ തൃപ്പാദത്തിങ്കൽ വീണ് കല്ലുകൊണ്ട് നെഞ്ചത്തു ഇടിച്ചു പ്രാർത്ഥിച്ചപ്പോൾ അനുഗ്രഹംനിറഞ്ഞ ഈശോകർത്താവു അദ്ദേഹത്തെ രക്ഷിച്ചു.

വി. പൌലോസ് ശ്ലീഹാ കഠിന പരീക്ഷകളെ അകറ്റുന്നതിനു മനുഷ്യശക്തി മതിയാകയില്ലെന്നറിഞ്ഞു മൂന്നു പ്രാവശ്യം ദൈവത്തോടപേക്ഷിച്ചപ്പോൾ എന്റെ ഇഷ്ടപ്രസാദം നിനക്കു മതിയായിരിക്കുന്നു എന്നു പറഞ്ഞു ദൈവം ഈ വിശുദ്ധനെ സമാധാനപ്പെടുത്തി. (2 കൊറന്ത്. ക്ഛ. 9, വ്യ, 10.)

ദൈവം തന്നെ നൽകാതിരുന്നാൽ ഒരു മനുഷ്യനും പരിശുദ്ധമായി ജീവിക്കാൻ സാധിക്കയില്ല എന്നു ശ്ലീഹാമ്മോൻ പറഞ്ഞിരിക്കുന്നു. (സുജ്ഞാനം. വ്യ. 2ക്ഛ.)

അതുകയാൽ പരീക്ഷയിൽ ഉൾപ്പെട്ടുപോകാതിരിപ്പാനായി നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. (ലൂക്കാ 22. രണ്ട.) എന്നും ചോദിപ്പിൻ, നിങ്ങൾക്കു നൽകപ്പെട്ടും. മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെട്ടും,, (മത്താ. 7. 11.) എന്നും ബുദ്ധിമുട്ടുന്നവരെ, ഭാരമുള്ളവുമെടുക്കുന്നവരെ, നിങ്ങളെല്ലാവരും എന്റെ പക്കൽവരുവിൻ. നിങ്ങളെ ഞാൻ ആശ്വാസിപ്പിക്കാം, (മത്താ. ക്ഛ. 28വ്യ.) എന്നും പറഞ്ഞു

നമ്മെ വീണ്ടെടുക്കുന്ന സ്നേഹരക്ഷകന്റെ കരുണാനിധിയായ ഹൃദയത്തിൽ എല്ലാസമയത്തും പ്രത്യേകം പരീക്ഷകൾ വരുമ്പോഴും നാം അഭയം പ്രാപിക്കേണ്ടതാകുന്നു.

വിനയം, ദൈവതിരുമനസ്സിനോടുള്ള ഐകൃം, സ്ഥിരത, മനോവിശ്വാസം എന്നീ ലക്ഷണങ്ങളോടുകൂടിയ പ്രാർത്ഥന അകാശത്തെത്തുകയും കയും സ്വർഗ്ഗീയ ഭണ്ഡാരം തുറന്നു സ്വർഗ്ഗീയനിക്ഷേപങ്ങൾ നൽകുന്നതിനു ദൈവത്തെ ഒരുവിധത്തിൽ നിർബന്ധിക്കയും ചെയ്യുന്നു. "എന്റെ നാമത്തിൽ എന്റെ പിതാവിനോടു നിങ്ങൾ ചോദിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കുമെന്നു സത്യമായി നിങ്ങളോടു ഞാൻ പറയുന്നു" (യോഹ. 15:16.) എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ വാക്യവും എത്ര ആശ്വാസപ്രദം.

പതിനൊന്നാമത്. എല്ലാ ഇന്ദ്രിയങ്ങളേയും പ്രത്യേകം കണ്ണുകളേയും നല്ലവണ്ണം നിയന്ത്രിക്കുക. പഞ്ചേന്ദ്രിയങ്ങളിൽ കൂടെയല്ലാതെ പാപം ഉള്ളിൽ പ്രവേശിക്കയില്ല.

ഇതിനാലത്രെ മഹാദാനശീലനായ രാജാവു മറ്റൊരുത്തനെ നോക്കാതിരിപ്പാൻ നമ്മോടു പല പ്രാവശ്യം ഉപദേശിക്കുന്നതു്. (ഈയോബു് 31. 1; ജെർമീ. 9: 5, 9.)

അശുദ്ധ പരീക്ഷയോടു മല്ലിടാൻ ഒരു മനുഷ്യനും ശക്തിയില്ല. അതിനെ ജയിക്കേണ്ടതു് ഓടിഒളിച്ചുകൊണ്ടാകുന്നു. അതിനോടു എതിർത്തു യുദ്ധം ചെയ്യാൻ ശ്രമിക്കുന്നവൻ തന്നെത്തന്നെ വലിയ അപകടത്തിൽ ആക്കുന്നു. ആകയാൽ അശുദ്ധ പരീക്ഷവരുന്നതായി അറിഞ്ഞാൽ ഒരു ക്ഷണ

നേരംപോലും താമസിക്കാതെ ആരംഭത്തിൽത
ന്നെ തള്ളിക്കളഞ്ഞുകൊണ്ടു വിചാരം മാറുന്നതു അ
തൃാവശൃമായ ഒരു പോംവഴിയാകുന്നു. ശത്രു വീടി
നുള്ളിൽ പ്രവേശിക്കുന്നതിനുമുമ്പു് വാതിലുകളും
ജനലുകളും അടച്ചുപൂട്ടിയാൽ അപകടമുണ്ടാകയി
ല്ല. ഉള്ളിൽ ശത്രുപ്രവേശിച്ചുകഴിഞ്ഞാൽ അവ
നോടു തോറ്റുപോകാൻ വളരെ എളുപ്പമുണ്ടു്. വി
ലയേറിയ ഒരു വസ്ത്രത്തിന്മേൽ ഒരു തീപ്പൊരി വീ
ണാൽ ഒരു നിമിഷംപോലും താമസിപ്പിക്കാതെ
ഉടൻ തന്നെ നാം അതു തട്ടിക്കളയുന്നു. അ
തീപ്പൊരികളയാൻ എത്ര താമസിക്കുമോ അത്രയും
അധികം കേടു ആ വസ്ത്രത്തിനുണ്ടാകും. അശുദ്ധ
വിചാരം, കാഴ്ച, കേൾവി എന്നിവയോടും വസ്ത്ര
ത്തിൽവീണ തീപ്പൊരിയോടെന്നപോലെ നാം വ
ർത്തിക്കണം. "മകനെ അണലിപ്പാമ്പിന്റെ ദൃഷ്ടി
യിൽനിന്നെന്നപോലെ, പാപത്തിൽനിന്നു ദൂരെ
ഓടിഒളിച്ചുകൊൾക. അതിനോടു നീ അടുത്താൽ
നിന്നെ അതു കടിക്കും" എന്നുള്ള ഗൂഹാദ്ധ്യക്ഷ
ന്മുരാന്റെ വാക്യം (ബർസീറാ ൨൧ ൧-൨.) ഇ
വിടെ സ്മരണീയമാണു്.

൧൨-ാമതു്. ഒരു മനുഷ്യന്റെമേലാവട്ടെ മൃഗ
ത്തിന്റെമേലാവട്ടെ പ്രത്യേകസ്നേഹം അഥവാ സ്വാ
ഭാവികസ്നേഹം ഉണ്ടാകാതിരിപ്പാനും അന്യവസ്തുക്കാ
രിൽ നിന്നു വിവേകത്തോടുകൂടെ അകന്നിരിപ്പാ
നും സൂക്ഷിക്കുക.

൧൩-ാമതു്. അശുദ്ധന്മാക്കു വന്നുകൂടുന്ന ഒമ്മ
രണവും നരകശിക്ഷയും നഷ്ടപ്പെട്ടുപോകുന്ന നി
ത്യഭാഗ്യവും, ഈ ഭൂമിയിൽ വെച്ചുകൂടെയും അവക്കു

ണ്ടാകുന്ന തിന്മകളും ദൈവശാപങ്ങളും ക്രൂടെക്രൂടെ സ്മരിക്കുക.

ക്ര-ാമതു. ജീവിതകാലത്തു രഹസ്യമായിരിക്കുന്ന ഓരോ ലജ്ജാവഹമായ പാപങ്ങളും വിധിയുടെ ദിവസത്തിൽ സകല മനുഷ്യരുടെയും മാലാക്കമാരുടെയും മുമ്പാകെ പരസ്യപ്പെട്ടും എന്നു ഓർക്കുക.

ക്ര-ാമതു. എപ്പോഴും ന്യായമായ ഏതെങ്കിലും ജോലിയിൽ ഉൾപ്പെട്ടിരിക്കുക. മടി അഥവാ മിനക്കേടു പല തിന്മകൾക്കും കാരണമാകുന്നു. (ബർസീറാ നവു; ഫൻ) ജോലിചെയ്യാതെ മടിയായിരിക്കുന്നവനെ പിശാചു അശുദ്ധ പരീക്ഷ വഴിയായി എളുപ്പത്തിൽ പാപത്തിലുൾപ്പെടുത്തും. സ്സോം ആമ്മോറാ എന്ന ദേശക്കാർ അശുദ്ധിയിൽ മുഴുകുവാനും ഭയങ്കരശിക്ഷകൾ ഏൽക്കുവാനും ഉള്ള പ്രധാനകാരണം അവർ തിന്നും കുടിച്ചും ജോലിചെയ്യാതെയും അലസന്മാരായിരുന്നതാണു് എന്നു പരിശുദ്ധാത്മാവു പിതന്നെ നമ്മോടറിയിക്കുന്നു.(ഏസക്കി ക്രന്റൻ)?

ക്രന്ത—ാമതു്. ഈ ഭൂമിയിൽ ശരീരത്തോടുകൂടെ ജീവിച്ചുകൊണ്ടു മാലാഖാമാർക്കുപോലും ശുദ്ധതകാത്തു നിത്യസമ്മാനം പ്രാപിച്ച പുണ്യവാന്മാരുടെ ജീവചരിത്രങ്ങൾ വായിക്കയും അവരെ അനുകരിക്കാൻ ശ്രമിക്കയും അവരുടെ സഹായം പ്രാർത്ഥിക്കയും ചെയ്യുക.

ക്രന്ത—ാമതു്. സകല ഇഷ്ടപ്രസാദത്തിന്റെയും ഉറവയായ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി. യഥാർത്ഥമായ തിരുഹൃദയഭക്തിയുള്ളവർക്കു എത്ര വലിയ ദൈവാനുഗ്രഹങ്ങളാണു് പ്രാപിപ്പാൻ

പാട്ടള്ളതെന്നു പി. മറിയം മഗ്ദലീന്നായോട്ടുള്ള ദി
വ്യരക്ഷകന്റെ വാഗ്ദത്തങ്ങളിൽ നിന്നു നമുക്കു മ
നസ്സിലാക്കാം.

ഫ്വ—ാമത്തു്. ശുദ്ധതയുടെ ഉത്തമമാതൃകയും ഏ
ല്ലാ നന്മകളും ദൈവത്തിൽ നിന്നു ലഭിച്ചു തരു
വാൻ ശക്തിയുള്ളവനും തന്നിൽ ആശ്രയിച്ച അ
സംഖ്യം ആത്മാക്കളുടെ ശുദ്ധതയെ കാത്തു രക്ഷി
ച്ചവനുമായ നമ്മുടെ പി. മാർ യൌസേപ്പിനോടു
ള്ള ഭക്തി.

ഫൻ—ാമത്തു്. സ്വഭാവത്താലെ പരിപൂർണ്ണവി
ശുദ്ധിയുള്ളവരും ശുദ്ധതയുള്ള ആത്മാക്കളെ അതി
യായി സ്നേഹിക്കുന്നവരുമായ കാവൽമാലാഖമാരോ
ടുള്ള ഭക്തി.

ഫഠ—ാമത്തു്. ശുദ്ധത എന്ന പുണ്യത്തിന്റെ
വിശിഷ്ടതയും സ്വർഗ്ഗത്തിൽ അതിനു ലഭിക്കുന്ന അ
വർണ്ണനീയമായ നിത്യസമ്മാനവും ക്രൂടക്കുടെ ഓർത്തു
ധ്യാനിക്കയും ഈ വിഷയത്തെപ്പറ്റി എഴുതപ്പെ
ട്ടിട്ടുള്ള നല്ല പുസ്തകങ്ങൾ വായിക്കയും ചെയ്യുക.

ഫഫ—ാമത്തു്. വസ്ത്രധാരണത്തിൽ ശരീരാല
ങ്കാരവും ഭംഗിയും നോക്കാതെ ശരീരത്തെ ശരി
യായി മറയ്ക്കുവാൻ ഉത്സാഹിക്കുക. വസ്ത്രധാരണ
ത്തിലുള്ള സൂക്ഷ്മക്കുറവു മൂലം അനേകംപേർ ന
ശിക്കുന്നുണ്ടു്.

സ്പെയിനിൽ ആൻഡലൂസ്യാ പ്രദേശത്തുള്ള ഒരു
പട്ടണത്തിൽ ഈ കഴിഞ്ഞ 1931 മാർച്ചു മാസത്തി
ൽ ഉയർന്ന ഗോത്രവംശജയായ ഒരു ബാലിക മര
ണം പ്രാപിച്ചു. ധനാഢ്യന്മാരുടെ ഗൃഹങ്ങളിലെ
സാധാരണ നടപ്പനുസരിച്ചു് വിശാലമായ ഒരു മുറി
താൽക്കാലിക കപ്പേളയായി രൂപാന്തരപ്പെട്ടത്തി,

അവിടെ അതി കമനീയമായി അലങ്കരിച്ച ശവ
മഞ്ചത്തിൽ ശരീരം, നിർമ്മലകന്യകത്വത്തേ സൂ
ചിപ്പിക്കുന്ന വെള്ളവസ്ത്രം ധരിപ്പിച്ചു് സ്ഥാപിച്ചു.
നിരവധി ആളുകൾ അവിടെയെത്തി മരിച്ച അ
ളിന്റെ കുടുംബാംഗങ്ങളോടു സഹതാപം പ്രദർശി
പ്പിക്കയുണ്ടായി. ബാലികയുടെ മാതാപിതാക്കന്മാ
രുടെ പ്രത്യേക അഭ്യർത്ഥനാനുസരണം അടുത്ത കന്യ
കാമഠത്തിൽ നിന്നു് കുറെ കന്യകകളും വന്നു ശവ
മഞ്ചത്തിനു ചുറ്റും നിന്നു് പരേതയുടെ ആത്മാനു
ക്രമാർത്ഥം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. കന്യകകളും
സ്നേഹിതരും അയൽവാസികളുമായ ഒരു നല്ല ഗണം
ആളുകൾ രാത്രി മുഴുവൻ കപ്പേളയിൽ തന്നെ പ്രാ
ർത്ഥനയിൽ കഴിച്ചുകൂട്ടി. പ്രഭാതമായതോടെ സന്ദ
ർശകന്മാരുടെ സംഖ്യ വർദ്ധിച്ചു വന്നു. ഒടുവിൽ മരി
ച്ച ബാലികയുടെ രക്തസംബന്ധിയായ ഒരു കന്യക
ശവമഞ്ചത്തിനു ചുറ്റും നിശ്ചലരായി നിൽക്കുന്ന
ജനാവലിയുടെ ഭക്തിതീഷ്ണതയാൽ പ്രേരിതയാ
യി, ഉച്ചസ്വരത്തിൽ അമ്പത്തുമൂന്നുമണി ജപം
ചൊല്ലുവാൻ തുടങ്ങി. എല്ലാവരും സോത്സാഹം അ
തിൽ പങ്കുകൊണ്ടു. പ്രാർത്ഥന നാലാം രഹസ്യത്തി
ലായപ്പോൾ ജനാവലിയുടെ സ്വരം പൊടുന്നനവേ
നിന്നുപോയി. എല്ലാവരും ഭയവിഹ്വലരായി കണ്ണു
കൾ ഇളക്കാതെ സൂക്ഷിക്കുന്നു. മരിച്ച ബാലികയു
ടെ ശവമഞ്ചത്തിൽ എഴുന്നേറ്റിരിക്കുന്നു. അവളു
ടെ മുഖം അഗ്നിസമാനം പ്രകാശിക്കുന്നു. നേത്രങ്ങ
ളിൽ നിന്നും ഏറിയുന്ന കിരണങ്ങൾ അസ്ത്രങ്ങൾ പോ
ണക്കേ പുറപ്പെടുന്നു പോലുണ്ടു. കണ്ണുകൾ തുറുപ്പിച്ചു
ഭയവിഹ്വലരായി നിൽക്കുന്ന ജനതയേ ഗംഭീരഭാ
വത്തിൽ ഒരു ചുറ്റു നോക്കിയശേഷം അവൾ ഭയങ്ക

രസ്വരത്തിൽ ഇപ്രകാരം അലറി, "നിൽക്കട്ടെ എ
ന്നെക്കുറിച്ചാരും പ്രാർത്ഥിക്കേണ്ട, ഞാൻ നശിച്ചു
പോയിരിക്കുന്നു. കാരണം ഇപ്പോൾ നടപ്പിലിരി
ക്കുന്ന അസമാഗ്രപരമായ എന്റെ വസ്ത്രധാരണമാ
ണു്." ഇത്രയും പ്രസ്താവിച്ചശേഷം അവൾ പൂർവ്വ
സ്ഥിതിയിൽ കിടന്നു. ഭയാനകമായ ഒരു നിശ്ചല
ത അ മുറിയിൽ നിലകൊൾകയും ചെയ്തു. ക്രൂടി
യിരുന്ന ജനതയുടെ പരിഭ്രമം വർണ്ണിക്കാവതല്ല. ഇ
ടിമിന്നൽ ഏറ്റ കണക്കേ അവർ വിചാരമഗ്നരായി
നിലകൊണ്ടു. ബാലികയുടെ ശരീരം നിർമ്മലകന്യ
കത്വത്തെ സൂചിപ്പിക്കുന്ന ശുഭ്രവസ്ത്രാലംകൃതയാ
യി നേത്രാനന്ദകരമായ ശവമഞ്ചത്തിൽ കിടക്കു
ന്നു. അവളുടെ ആത്മാവാകട്ടെ എന്നന്നേക്കും ശപി
ക്കപ്പെട്ടതായി സകല പീഡകളുടേയും സ്ഥലമായ
നരകപാതാളത്തിലേയ്ക്കു തള്ളപ്പെട്ടു.

(കർമ്മലകുസുമം)

ശുദ്ധതയ്ക്കു വേണ്ടി ദൈവജനനിയോടു പ്രാർത്ഥന.

സകല പുണ്യങ്ങളും പരിപൂർണ്ണമായി അഭ്യ
സിക്കയാൽ സ്വഭാവത്താൽ തന്നെ പരിശുദ്ധരായ
മാലാഖാമാരെ ക്രൂടെയും ഉല്ലംഘിക്കുന്ന മഹാ വിശു
ദ്ധിമൂലം ദൈവപുത്രന്റെ മാതാവായി തീരുവാനും
സകല സൃഷ്ടികളുടേയും രാജ്ഞിയായി പ. ത്രീത്വ
ത്താൽ കിരീടം ധരിപ്പിക്കപ്പെടുവാനും ഭാഗ്യം ല
ഭിച്ച സ്നേഹമാതാവായ പ. മറിയമെ, അശുദ്ധ ദ

രാശയുടെ പ്രേരണയാലും അശുദ്ധ പിശാചിന്റെ
ആക്രമണത്താലും അശുദ്ധിയുടെ ദുർഗ്ഗന്ധത്താലും ക
ഷ്ടപ്പെടുന്നു. അങ്ങേ മക്കളുടെ ദയനീയാവസ്ഥ അങ്ങു
തൃക്കൺപാർക്കണമെ. നരകം മുഴുവൻ മാത്രമല്ല ലോ
കവും ഞങ്ങളുടെ ശരീരം തന്നെയും ഞങ്ങൾക്കെതി
രായി നിന്നു യുദ്ധം ചെയ്യുന്ന ഈ ദുഷ്ടദശയിൽ
ഞങ്ങളുടെ ഏക ശരണം മാതൃസ്നേഹം നിറഞ്ഞ നി
ന്റെ മദ്ധ്യസ്ഥം മാത്രമാകുന്നു. ആകയാൽ അങ്ങേ
തൃക്കരം നീട്ടി ഞങ്ങളെ സഹായിക്കുക. നരകശ
ത്രുക്കളെ ഓടിച്ചു കളയുക. സകല ഭൌമിക ആ
ശകളും ഞങ്ങളിൽ നിന്നു അകന്നു സ്വർഗ്ഗീയ ലീ
ലി പുഷ്പമായ ശുദ്ധതയുടെ സൗരഭ്യം ശ്വാസിച്ചു
അങ്ങേ യോഗ്യമക്കളായി വീരുവാനും സ്വർഗ്ഗത്തി
ൽ വന്നു ശുദ്ധതയുടെ കിരീടം പ്രാപിപ്പാനും ഞ
ങ്ങൾക്കു ഭാഗ്യം ലഭിച്ചുതരിക. അങ്ങേ വാത്സല്യ
മക്കളായ അസംഖ്യം പുണ്യാത്മാക്കൾക്കു നൽകി
യതുപോലെ പാപികളായ ഞങ്ങൾക്കും ഈ വരം
നൽകുമെന്നു പൂർണ്ണമായി ഞങ്ങൾ ശരണപ്പെടുന്നു.

L. D. S. & M.

1 AUG 1934

ശുദ്ധിപത്രം.

പക്ഷം.	വരി.	അബദ്ധം.	സുബദ്ധം.
10	18	അഴക്ക.	അഴക്ക്.
20	22	ശ്രേ തയും.	ശ്രേഷ്ഠതയും.
25	8.9	വാവേകത്താൽ	വിവേകത്താൽ
25	9	സ്വാർത്ഥതയില്ലി	സ്വാർത്ഥതയില്ലാ
25	11	ക്രൂടക്രൂടടെയുള്ള	ക്രൂടക്രൂടെയുള്ള
32	20	കൈവശമാക്കു കയും	കൈവശമാക്കു കയും
33	8	ഉപയോഗിക്കാ തിതന്ന	ഉപയോഗിക്കാ തിരുന്ന
33	26	സിനീമാ	സിനീമാമൂലവും,
35	1	അപമാനിച്ച	അമാനിച്ച
35	20	പാടില്ലാതിരു തിനാലും	പാടില്ലാതിരുന്ന തിനാലും
38	24	ആത്മനാശങ്ങൽ	ആത്മനാശങ്ങ ളിൽ

PRINTED AND PUBLISHED
FOR THE PROPRIETOR BY P. K. JOSEPH
AT THE ST. JOSEPH'S PRESS,
MANNANAM.
1933.